ബാല കുസുമം
മാസിക

പുസ്തകം 13
ലക്കം 01
2026 ഫെബ്രുവരി

# നടക്കുന്ന മരം!

മാനം മുട്ടെ വളരുന്ന മരങ്ങളെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടില്ലേ? എന്നാൽ, നടക്കുന്ന മരങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടോ?

മധ്യഅമേരിക്കയിലെ മഴക്കാടുകളിൽ വളരുന്ന പാം മരങ്ങളാണ് 'നടക്കുന്ന മരങ്ങൾ' അഥവാ, 'വാക്കിംഗ് പാം ട്രീസ്' എന്നറിയപ്പെടുന്നത്. ഈ മരങ്ങളുടെ വേരുകൾ മണ്ണിനു മുകളിലാണുണ്ടാവുക. സൂര്യപ്രകാശം തേടി മരം വശങ്ങളിലേക്ക് ചായുമ്പോൾ മരത്തിന്റെ തടിയിൽ നിന്ന് ആ ഭാഗത്തേക്ക് പുതിയ വേരുകൾ മുളയ്ക്കും. പഴയ വേരുകൾ നശിക്കുകയും ചെയ്യും. വർഷങ്ങൾ കഴിയുമ്പോൾ മുമ്പുണ്ടായിരുന്ന സ്ഥലത്തു നിന്ന് മരം അല്പം നീങ്ങിയതായി നമുക്ക് തോന്നും.

മനുഷ്യരെപ്പോലെ കിലോമീറ്ററുകൾ അകലേക്കൊന്നും ഈ മരങ്ങൾ നടക്കില്ല കേട്ടോ. ഒരു വർഷം കൊണ്ട് ഏകദേശം 20 - 30 സെന്റീമീറ്റർ മാത്രമേ ഇവ സഞ്ചരിക്കൂ. എങ്കിലും പ്രകൃതിയിലെ ഈ പ്രതിഭാസം ഏറെ കൗതുകമുണർത്തുന്നതാണ്. സോക്രട്ടിയ എക്സോറേഷ്യ എന്നാണ് ഈ മരത്തിന്റെ യഥാർത്ഥ പേര്. പീറ്റർ എന്ന പാലിയോ ബയോളജിസ്റ്റാണ് ഈ നടക്കുംമരത്തിനെ ലോകത്തിനു പരിചയപ്പെടുത്തിയത്. ദൗർഭാഗ്യകരമെന്നു പറയാം, വനം കയ്യേറ്റവും കാടുവെട്ടിതെളിക്കലും മൂലം ഈ മരങ്ങൾ ഇന്ന് വംശനാശ ഭീഷണിയി നേരിടുന്നുണ്ട്. മണ്ണൊലിപ്പ് തടയുകയും നിരവധി ജീവജാലങ്ങൾക്ക് ആവാസമൊരുക്കുകയും ചെയ്യുന്ന ഈ മരങ്ങളെ സംരക്ഷിക്കാനുള്ള ഒരുക്കത്തിലാണ് ഗവേഷകർ.



# നൂലറ്റ പട്ടം പോലെ

'**ഈ** ഉപ്പയും ഉമ്മയും ഒരു സ്വാതന്ത്ര്യവും തരൂല. എവിടേക്കും ഒറ്റയ്ക്ക് വിടൂല. എങ്ങോട്ടു പോയാലും 'എവിടെപ്പോയി', 'എന്തിനു പോയി' എന്നിങ്ങനെ ചോദ്യം ചെയ്യും. ഞാനെന്താ, കൊച്ചു കുഞ്ഞാണോ?'

അബിമോൻ ഉമ്മയെയും ഉപ്പയെയും കുറ്റപ്പെടുത്തും. അവരെന്തു സമാധാനം പറഞ്ഞാലും അവന് തൃപ്തിയാവുകയില്ല. ഈ കുട്ടിക്ക് എങ്ങനെയാണ് കാര്യം മനസ്സിലാക്കിക്കൊടുക്കുക? ഉപ്പ പല വഴികളും തേടി.

ഒരു ദിവസം അവരൊന്നിച്ച് ബീച്ചിൽ പോയി. അവിടെ ധാരാളം കുട്ടികൾ പട്ടം പറത്തി കളിക്കുന്നുണ്ട്.
'ഉപ്പാ, എനിക്കും ഒരു പട്ടം വാങ്ങിത്തരണം, പറത്താൻ.' അബിമോൻ പറഞ്ഞു. മകനെ കാര്യം പഠിപ്പിക്കാൻ ഇതു തന്നെയാണ് നല്ല അവസരം എന്നു ചിന്തിച്ച് ഉപ്പ അവനൊരു പട്ടം വാങ്ങിക്കൊടുത്തു.

അബിമോന്റെ പട്ടം വാനിലേക്കുയർന്നു. അവൻ പട്ടത്തിന്റെ നൂൽ അയച്ചുകൊടുക്കുന്തോറും അത് ഉയർന്നു പറന്നു. നൂലിന്റെ അറ്റമായി. പിന്നെ പട്ടത്തിനുയരാൻ കഴിയുന്നില്ല. അപ്പോൾ അവൻ ഉപ്പയോട് ചോദിച്ചു: 'ഉപ്പാ, ഈ പട്ടത്തിന്റെ നൂൽ പൊട്ടി



**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്‌യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ–ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

ച്ചാൽ അത് സ്വതന്ത്രമാകുമ ല്ലോ. പിന്നെയത് കൂടുതൽ ഉയരത്തിലേക്ക് പറക്കുമ ല്ലോ. ഞാനിതിന്റെ നൂൽ പൊട്ടിക്കട്ടെ?'

'പൊട്ടിച്ചു നോക്കൂ.' ഉപ്പ അനുവാദം കൊടുത്തു. അബിമോൻ നൂൽ പൊട്ടി ച്ചു. പട്ടം ഉയരത്തിലേക്ക് കുതിച്ചു. അവന് ആഹ്ലാദ മായി. പക്ഷേ, ആ ആഹ്ലാദം നീണ്ടുനിന്നില്ല. അല്പനേ രം പറന്ന് പട്ടം താഴേക്കു വീഴാൻ തുടങ്ങി. കാറ്റിൽ പറന്നുപറന്ന് അതൊരു കെട്ടിടത്തിനു മുകളിൽ ചെന്നുവീണു. അബിമോന്



സങ്കടമായി. അപ്പോൾ ഉപ്പ അവനോട് പറഞ്ഞു: 'മോനേ, സങ്കടപ്പെടേണ്ട. പട്ടത്തിന്റെ നൂൽ പൊട്ടിയാലങ്ങനെ സംഭവിക്കും. ഇത് മോന് നല്ലൊരു പാഠം നൽകുന്നുണ്ട്.'

'എന്തു പാഠമാണുപ്പാ?'

'മോനേ, പട്ടം ആകാശത്തേക്ക് പറന്നുയരുന്നതിന് നൂൽ ഒരു തടസ്സമായിരുന്നില്ലല്ലോ. കാറ്റിന്റെ ശക്തി കുറഞ്ഞപ്പോൾ പോലും പട്ടത്തിന് ഉയരത്തിൽ നില കൊള്ളാൻ സഹായകമായത് അതിനെ നിയന്ത്രിക്കുന്ന നൂലാണ്. കാറ്റ് ശക്തമാകുമ്പോൾ അതിനെ ശരിയായ ദിശയിലേക്ക് തിരിക്കാൻ നിനക്കു കഴിഞ്ഞതും ആ നൂലുള്ളതുകൊണ്ടാണ്. അത് പൊട്ടിച്ചപ്പോൾ നീ അതിനു നൽകിയ സഹായം ഇല്ലാതായി. പട്ടം നിന്റെ നിയന്ത്രണത്തിൽ നിന്നു വിട്ടുപോയി. അങ്ങനെയത് അന്തരീക്ഷത്തിൽ നിൽക്കാനാവാതെ താഴെ വീണു.'

'ഇതിൽ എന്തു പാഠമാണ് പഠിക്കാനുള്ളത്?'

'മോനേ, പട്ടത്തെ നിയന്ത്രിക്കുന്ന നൂൽ പോലെയാണ് നിന്റെ ഉപ്പയുടെയും ഉമ്മയുടെയും ഉപദേശങ്ങളും നിർദ്ദേശങ്ങളും. അത് നിന്റെ ഉയർച്ചയ്ക്കും വളർച്ചക്കും ഒരിക്കലും തടസ്സമല്ല. അപകടത്തിൽ ചെന്നുചാടാതിരിക്കാൻ നിന്നെ സഹായിക്കുന്നതും അതാണ്. അതില്ലെങ്കിൽ നൂലറ്റ പട്ടം പോലെ നീ നാശത്തിൽ ചെന്നുചാടും.'




**വ**ന്നല്ലോ റമളാൻ മാസം
പുണ്യം പെയ്യും പൂക്കാലം.
നന്മകളൊത്തിരി ചെയ്തീടാം
പ്രതിഫലമേറെ നേടീടാം.


ബദ്റിൻ ത്യാഗച്ചരിതങ്ങൾ,
ഖദ്റിൻ രാവിനതൃപ്പങ്ങൾ
വിശുദ്ധഖുർആൻ ഓതീടാം,
വിശുദ്ധിയെന്നും സൂക്ഷിക്കാം.

**റൈഹാൻ**


സഫർ
ആ റഫീഖി ന്റെ വിവരമറി ഞ്ഞില്ലേ?
ങേ, എന്താ? ഞാൻ ഒന്നും അറിഞ്ഞില്ലല്ലോ.
അവൻ ഒരു ദുഷ്ട നാ, തെമ്മാടിയാ.
ഇത്തരം പരദൂഷണം പ റയാനാണോ നമ്മളിവിടെ വന്നിരുന്നത്? ഞാനില്ല.
പരദൂഷണമൊന്നും ഞാൻ പറഞ്ഞില്ല ല്ലോ. ഇന്നലെ രാ ത്രി ഉണ്ടായ കാര്യമ ല്ലേ പറഞ്ഞത്?
ഒരാളെക്കുറിച്ച് അ യാൾക്കിഷ്ടമില്ലാത്തത് പറയുന്നതാണല്ലോ പര ദൂഷണം. ഇപ്പറയുന്ന തൊക്കെ അയാൾക്ക് ഇഷ്ടമാകുമോ?
ഇഷ്ടമാകില്ല. എന്നാലും ഉള്ളതല്ലേ?



ഉള്ളതാണെങ്കിൽ പരദൂഷണം തന്നെ; ഇല്ലാത്തതാണെങ്കിൽ കളവും. രണ്ടും തെറ്റാണ്.
ഈ സഫറിനെക്കൊണ്ട് തോറ്റു. നിന്റെ മുമ്പിൽവെച്ച് ഒരു കാര്യവും പറയാൻ വയ്യല്ലോ.
ഞാൻ അല്ലാഹുവും റസൂലും അറിയിച്ചുതന്ന കാര്യമാണു പറയുന്നത്. ഗീബത് പറയുന്നത് പറയപ്പെടുന്നവന്റെ പച്ചമാംസം തിന്നുന്നതിനു തുല്യമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അത്രയും ഗൗരവമുള്ള തെറ്റാണത്.
എന്നാൽ, പിന്നെ മിണ്ടാൻ തന്നെ വയ്യാതാവുമല്ലോ. പിന്നെങ്ങനെ സമയം പോക്കും?
മിണ്ടാതിരിക്കുന്നതാണ് നല്ലത്. നിങ്ങൾക്കറിയാമല്ലോ, നോമ്പു നോറ്റ് വർത്തമാനം പറഞ്ഞിരുന്ന രണ്ടു പെണ്ണുങ്ങളുടെ കഥ?
അതെന്തു കഥയാ? കേൾക്കട്ടേ.
അവർ മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പറഞ്ഞ് നേരം പോകുകയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ രണ്ടുപേരും തളർന്നവശരായി.
എന്നിട്ട്?
മുത്തുനബി(സ) അയാളുടെ വശം ഒരു പാത്രം കൊടുത്തയച്ചു. അതിലേക്ക് ഛർദ്ദിക്കാൻ പറഞ്ഞു.



ഛർദ്ദിക്കാനോ?
ങാ, അങ്ങനെ അയാൾ ആ പാത്രവുമായി അവരുടെ അടുത്തുചെന്നു. അവരിലൊരാൾ ആ പാത്രത്തിൽ പകുതിയോളം ഛർദ്ദിച്ചു. മറ്റെയാൾ കൂടി ഛർദിച്ചപ്പോൾ പാത്രം നിറഞ്ഞു. എന്തായിരുന്നു അവർ ഛർദ്ദിച്ചതെന്നോ?
എന്തായിരുന്നു?
ചോരയും മാംസക്കഷണങ്ങളും.
ങേ?
അവർ അതുവരെ ജനങ്ങളുടെ മാംസം ഭക്ഷിക്കുകയായിരുന്നുവെന്ന് തിരുനബി(സ) ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കുകയായിരുന്നു ഈ സംഭവത്തിലൂടെ.



ഷാക്കിർ തോട്ടിക്കൽ

# ഇന്ത്യയിലെ തണ്ണീർത്തടങ്ങൾ

## ഫെബ്രുവരി 2 : ലോക തണ്ണീർത്തടദിനം

### സുന്ദർബൻസ്

(പശ്ചിമബംഗാൾ)

ലോകത്തിലെ ഏറ്റവും വലിയ കണ്ടൽവനമാണ് സുന്ദർബൻസ്. പശ്ചിമബംഗാളിലും ബംഗ്ലാദേശിലുമായി വ്യാപിച്ചു കിടക്കുന്ന ഈ തണ്ണീർതടം യുനെസ്കോയുടെ ലോകപൈതൃകപട്ടികയിൽ ഇടം നേടിയിട്ടുണ്ട്. പ്രദേശത്ത് ധാരാളമായി കാണപ്പെടുന്ന 'സുന്ദരി' എന്ന കണ്ടൽവൃക്ഷത്തിൽ നിന്നാണ് ഉദ്യാനത്തിന് സുന്ദർബൻ ദേശീയോദ്യാനം എന്ന പേരു ലഭിച്ചത്.

### ചിൽക്ക തടാകം

(ഒഡീഷ)

1100 ചതുരശ്രകിലോമീറ്ററിലധികം വിസ്തൃതിയുള്ള ഒഡീഷയിലെ ചിൽക്ക തടാകം ഏഷ്യയിലെ ഏറ്റവും വലിയ ഉപ്പുവെള്ള ലഗൂണാണ്. മണൽത്തിട്ടകളോ പാറകളോ ഉപയോഗിച്ച് കടലിൽ നിന്ന് ഭാഗികമായി വേർതിരിക്കപ്പെടുന്ന, ആഴം കുറഞ്ഞ തീരദേശ ജലാശയമാണ് ഉപ്പുവെള്ള ലഗൂണുകൾ എന്നറിയപ്പെടുന്നത്. ദേശാടനപക്ഷികളുടെയും ഐരാവതി ഡോൾഫിനുകളുടെയും പ്രധാന ആവാസകേന്ദ്രമാണിത്.

### ഭിതാർ കനിക

(ഒഡീഷ)

672 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ദേശീയോദ്യാമാണ് ഭിതാർ കനിക. ഒഡീഷയുടെ വടക്കുകിഴക്കൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ തണ്ണീർതടം 2002 ഓഗസ്റ്റിൽ റാംസർ സൈറ്റിൽ ഇടം നേടി. നിരവധി

അപൂർവയിനം സസ്യജാലങ്ങളും ജന്തു ജാലങ്ങളും ഭിതാർ കനികയിലുണ്ട്.

## സാംഭർ തടാകം

(രാജസ്ഥാൻ)

രാജസ്ഥാനിലെ ജയ്പൂർ, അജ്മീർ, നാഗൗർ ജില്ലകളിലായി ആരവല്ലിമലനിരകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഈ തടാകം ഇന്ത്യയിലെ ഏറ്റവും വലിയ ഉൾനാടൻ ഉപ്പുതടാകമാണ്. ഫ്ളെമിംഗോ ഉൾപ്പെടെയുള്ള ദേശാടനപ്പക്ഷികളുടെ പ്രധാന ശീതകാല വാസസ്ഥലമാണിത്.

## വേമ്പനാട് കായൽ

(കേരളം)

ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന, 1512 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള വേമ്പനാട്ടുകായൽ കേരളത്തിലെ ഏറ്റവും വലിയ കായലും, ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ തണ്ണീർതടവുമാണ്. പുന്നമടക്കായൽ, കൊച്ചിക്കായൽ എന്നിങ്ങനെ പല പേരുകളിലും ഇതറിയപ്പെടുന്നു. കായലിൽ നിന്ന് കടലിലേക്ക് വെള്ളം ഒഴുകുന്നതുകൊണ്ട് മഴക്കാലത്ത് ശുദ്ധജലവും കടലിൽ നിന്ന് കായലിലേക്ക് വെള്ളം ഒഴുകുന്നതുകാരണം വേനൽക്കാലത്ത് ഉപ്പുവെള്ളവുമാണ് കായലിലുണ്ടാവുക.








## ലോക്തക് തടാകം

(മണിപ്പൂർ)

വടക്കുകിഴക്കൻ ഇന്ത്യയിലെ പ്രധാന ആകർഷണങ്ങളിലൊന്നായ ഈ തടാകം മണിപ്പൂരിലെ വലിയ ശുദ്ധജല തടാകമാണ്. 'ഫുംഡിസ്' എന്നറിയപ്പെടുന്ന, ഒഴുകിനടക്കുന്ന സസ്യങ്ങളുടെ കൂട്ടം







കാരണം ലോക പ്രശസ്തമാണ് ലോക്തക് തടാകം. മണിപ്പൂരിന്റെ തലസ്ഥാനമായ ഇംഫാലിൽ നിന്ന് 40 കിലോമീറ്റർ അകലെയാണിത് സ്ഥിതി ചെയ്യുന്നത്.

### ഹരിക്കെ തടാകം
(പഞ്ചാബ്)

ബിയാസ് നദിയുടെയും സത്ലജ് നദിയുടെയും സംഗമസ്ഥലത്തുള്ള ഈ തടാകം പഞ്ചാബിലെ ഫിറോസ്പൂർ ജില്ലയുടെയും തരൻതാരൻ സാഹിബ് ജില്ലയുടെയും അതിരിലാണ് സ്ഥിതി ചെയ്യുന്നത്. ദേശാടനപ്പക്ഷികളുടെ പ്രധാന ആകർഷണ കേന്ദ്രം കൂടിയായ ഹരിക്കെ മനുഷ്യനിർമ്മിത തണ്ണീർതടങ്ങളിൽ വലിയതാണ്. ഈ തടാകത്തിൽ ആകെ 33 ദ്വീപുകളുണ്ട്.


### കഞ്ചലി തടാകം
(പഞ്ചാബ്)

പഞ്ചാബിലെ കപൂർത്തല ജില്ലയിൽ സ്ഥിതിചെയ്യുന്ന മനുഷ്യനിർമ്മിത ശുദ്ധജലതടാകമാണ് കാഞ്ചിലി. 1870ൽ നിർമ്മിച്ച ഈ തടാകം ജൈവവൈവിധ്യത്താലും ദേശാടനപ്പക്ഷികളുടെ സാന്നിധ്യത്താലും പേരുകേട്ടതാണ്. മലിനീകരണം തടാകത്തിലെ ജൈവവൈവിധ്യത്തിന് വലിയ ഭീഷണി ഉയർത്തുന്നുണ്ട്.

### നൽസരോവർ പക്ഷിസങ്കേതം
(ഗുജറാത്ത്)

ഗുജറാത്തിലെ ഏറ്റവും വലിയ പക്ഷിസങ്കേതമാണ് നൽസരോവർ. ഗുജറാത്തിലെ അഹമ്മദാബാദിൽ നിന്ന് ഏകദേശം 64 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഇത് പക്ഷിനിരീക്ഷകരുടെയും പ്രകൃതിസ്നേഹികളുടെയും ഇഷ്ടകേന്ദ്രമാണ്.

# ദുർബലമായ ഹൃദയം


ഒരു പുള്ളിമാനും കുഞ്ഞും കാട്ടിലൂടെ നടക്കുകയായിരുന്നു. പെട്ടെന്ന്,
ബൗ!! ഭൗ!!
ഹയ്യോ! വേട്ടനായ്ക്കളുടെ ശബ്ദം. ഓടിക്കോ...
കുഞ്ഞേ... വേഗം... വേഗം...
ഏറെ ദൂരം ഓടിയപ്പോൾ
അമ്മേ, വലിയ ശരീരവും കൊമ്പുകളുമുണ്ടായിട്ടും അമ്മയെന്തിനാണ് വേട്ടനായ്ക്കളെ പേടിച്ച് ഓടുന്നത്?
അമ്മക്ക് അവരെ നേരിടാമായിരുന്നല്ലോ..
മോനേ, എനിക്ക് വലിയ ശരീരവും കൊമ്പുമുണ്ടെങ്കിലും വളരെ ദുർബലമായ ഹൃദയമാണുള്ളത്.

അബൂതസ്നീം

# നോമ്പിന്റെ ഓർമ്മകൾ

അവധിദിവസമാണ്. കൂട്ടുകാരൊത്ത് കളിക്കാൻ പോകാമെന്ന സന്തോഷത്തിലാണ് കുഞ്ഞുമോൻ ഉറക്കമുണർന്നത്. ചായ കുടിച്ച് പുറത്തേക്കിറങ്ങാനൊരുങ്ങുമ്പോൾ ഉമ്മ വിളിക്കുന്നു: 'കുഞ്ഞ്യോനേ, ഇന്നു നനച്ചുകുളിയാട്ടോ. ഉമ്മാനെ സഹായിക്കണേ. ഇന്ന് കളിക്കാനൊന്നും പോകണ്ട.'

'നനച്ചുകുളിയോ? അതെന്താണുമ്മാ?' കുഞ്ഞുമോൻ അതിശയത്തോടെ ചോദിച്ചു.

'നിനക്കറിയില്ലേടോ, നമ്മളെല്ലാ കൊല്ലവും നോമ്പിന്റെ മുമ്പ് വീടും പരിസരവുമൊക്കെ വൃത്തിയാക്കാറില്ലേ? അതുതന്നെയാ നനച്ചുകുളി.'

'ക്ലീനിംഗല്ലേ ഉമ്മാ?'

'ങാ, അതുതന്നെ.' ഉമ്മ ചിരിച്ചു.


കുഞ്ഞുമോന് ആവേശമായി. എന്നാൽ ഇന്ന് കളിക്കാനൊന്നും പോകേണ്ട. അവൻ മാറാല തുടയ്ക്കാനുള്ള ചൂലും മറ്റും എടുത്തുകൊണ്ടു വന്നു. പിന്നെ അടിക്കലും തുടയ്ക്കലും കഴുകലുമെല്ലാമായി. വീടിന്റെ മുകളിലും മറ്റുമുള്ള മാറാല നീക്കാൻ ഉപ്പ സഹായിച്ചു. തന്നാലാവും വിധം കുഞ്ഞ്യോളും പങ്കാളിയായി. അതിനിടെ അവൾ ചില വികൃതിയുമൊപ്പിച്ചു. തുടച്ച സ്ഥലത്ത് വീണ്ടും വീണ്ടും പൊടിയാക്കുക, വെള്ളമൊഴിക്കുക തുടങ്ങിയ വികൃതികൾ! കുഞ്ഞ്യോളായതുകൊണ്ട് ഉമ്മ അവളോട് ദേഷ്യപ്പെടുകയോ അടിക്കുകയോ ഒന്നും ചെയ്തില്ല. 'അവൾ എട്ടുംപൊട്ടും തിരിയാത്ത കുഞ്ഞല്ലേ' എന്നാണ് ഉമ്മ പറയാറ്.

അതിനിടെ കുഞ്ഞുമോൻ ചോദിച്ചു: 'ഉമ്മാ, നോമ്പ്

വരുമ്പോൾ എന്തിനാണിങ്ങനെ വീടൊക്കെ വൃത്തിയാക്കുന്നത്?'

'അതോ, റമളാൻ മാസത്തെ ആദരിക്കാൻ തന്നെ മോനേ. അല്ലാഹു ആദരിച്ച മാസമാണ് റമളാൻ. റമളാൻ വരുമ്പോൾ അല്ലാഹു സ്വർഗ്ഗത്തെയും വാനലോകത്തെയുമൊക്കെ അലങ്കരിക്കുമെന്ന് മുത്തുനബി(സ) പറഞ്ഞിട്ടുണ്ടല്ലോ. അതുപോലെ നമ്മൾ വീടും പെരുമാറുന്ന സ്ഥലവുമൊക്കെ വൃത്തിയാക്കുകയും അലങ്കരിക്കുകയും വേണം. അതൊരു മര്യാദയാണ് മോനേ. വിശുദ്ധ റമളാനെ സ്വീകരിക്കാനുള്ള ഒരുക്കമാ.'

അതു കേട്ടപ്പോൾ കുഞ്ഞുമോന്റെ മനസ്സിൽ റമളാൻമാസത്തിലെ സന്തോഷകരമായ ഓർമ്മകൾ നിറഞ്ഞു. വലിയവർക്കു മാത്രമല്ല; കുട്ടികൾക്കും അനുഗ്രഹവും സന്തോഷവുമൊക്കെയാണല്ലോ റമളാൻ. ശഅ്ബാൻ മാസം 29ന് എല്ലാവരും ചോദിക്കും: 'ഇന്ന്



മാസം കാണ്വോ? നാളെ നോമ്പ് ആവോ?'

മഗ്‌രിബ് നിസ്കാരം കഴിഞ്ഞാൽ മാസം കണ്ട വാർത്തക്കുള്ള

കാത്തിരിപ്പാണ്. മാസം കണ്ടെന്നറിഞ്ഞാൽ ഉപ്പ പള്ളിയിലേക്ക് പോകും. തറാവീഹ് നിസ്കരിക്കാൻ കഴിഞ്ഞകൊല്ലം ചില ദിവസങ്ങളിലൊക്കെ ഉപ്പയോടൊപ്പം പള്ളിയിൽ പോയിട്ടുണ്ട്. ഇശാഉം അതിന്റെ സുന്നത്തും നിസ്കരിച്ചാൽ പിന്നെ തറാവീഹ് തുടങ്ങും. 20 റക്അത്താണ് തറാവീഹ്. ഈരണ്ടു റക്അത്തായാണ് നിസ്കരിക്കുക. ഓരോരണ്ടു റക്അത്ത് കഴിഞ്ഞ് സലാം വീട്ടുമ്പോഴും എല്ലാവരും കൂടി സ്വലാത്ത് ചൊല്ലും. ആവേശത്തോടെ ആ സ്വലാത്ത് ചൊല്ലുമ്പോൾ ഉറക്കം പാടെ വിട്ടുപോകും. അങ്ങനെ 20 റക്അത്ത് നിസ്കരിച്ചാൽ പിന്നെ മൂന്ന് റക്അത്ത് വിത്റും നിസ്കരിക്കും. എല്ലാം കഴിയുമ്പോഴേക്കും കുഴങ്ങിപ്പോകും.

പിന്നെ വീട്ടിലെത്തിയാൽ ലഘുഭക്ഷണം കഴിച്ചു കിടന്നുറങ്ങും. മൂന്നുമണിയാകുമ്പോഴേക്കും അടുക്കളയിൽ നിന്ന് പാത്രങ്ങളുടെ ഒച്ച കേൾക്കാൻ തുടങ്ങും. ഉമ്മ ഭക്ഷണം ഒരുക്കുകയായിരിക്കും. കുറച്ചു കഴിഞ്ഞാൽ വിളി തുടങ്ങും: 'കുഞ്ഞ്യോനേ, അത്താഴം കഴിക്കാൻ എണീറ്റു വാ.' ഉറക്കത്തെ തട്ടിത്തെറിപ്പിച്ച് എണീറ്റുപോകാൻ മടിയാണ്. എന്നാലും നോമ്പിന്റെ അത്താഴമല്ലേ എന്നു വിചാരിച്ച് എഴുന്നേൽക്കും. അപ്പോഴേക്കും കുഞ്ഞ്യോളും എണീറ്റിട്ടുണ്ടാവും, അവളെ വിളിച്ചില്ലെങ്കിലും! പിന്നെ എല്ലാവരും കൂടിയിരുന്ന് അത്താഴം കഴിക്കും. പള്ളിയിൽ പോകാത്ത ദിവസങ്ങളിൽ ഉമ്മ നിയ്യത്ത് പറഞ്ഞു തരും: 'നവൈത്തു സൗമ ഗദിൻ...' എല്ലാ ദിവസവും നോമ്പുനോൽക്കാനൊന്നും കഴിയില്ല. കഴിഞ്ഞകൊല്ലം പതിനഞ്ചെണ്ണം നോറ്റല്ലോ. കഴിയുമെങ്കിൽ ഇക്കൊല്ലം എല്ലാ ദിവസവും നോമ്പ് പിടിക്കണം. ഇങ്ങനെ ഓരോന്നാലോചിക്കുന്നതിനിടയിലാണ് ഉമ്മയുടെ വിളി: 'കുഞ്ഞ്യോനേ...'

'എന്താ മ്മാ?'


'റമളാൻ പരിശുദ്ധ മാസമാണെന്നു പറഞ്ഞല്ലോ. നമ്മൾ ഈ മാസത്തിൽ എന്താണ് ചെയ്യേണ്ടതെന്ന് മോനറിയ്യോ?'

'നോമ്പ് നോൽക്കണം. അതല്ലേ വേണ്ടത്?'

'അതുതന്നെ. നോമ്പ് നോൽക്കുന്നത് നമ്മുടെ മനസ്സും ശരീരവും ശുദ്ധിയാക്കാനാണ് ട്ടോ.'

'അതെങ്ങനെയാ മ്മാ?'

'മനസ്സിൽനിന്ന് ചീത്തവിചാരങ്ങളൊക്കെ ഒഴിവാക്ക



ണം. എന്നാലേ നോമ്പ് ശരിയാവൂ. കുറച്ചു മാത്രം ഭക്ഷണം കഴിച്ച് വിശപ്പിനെ നിയന്ത്രിക്കുമ്പോൾ ശരീരവും ശുദ്ധിയാകും. അങ്ങനെ ശുദ്ധിയായാലേ അല്ലാഹു നമ്മെ സ്വർഗത്തിൽ കടത്തുകയുള്ളൂ ട്ടോ.'

ഉമ്മ പിന്നെയും നോമ്പിന്റെ മഹത്വങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ കുഞ്ഞുമോൻ മനസ്സിലുറപ്പിച്ചു; ഈ വീടും പരിസരവും ശുദ്ധിയാക്കുന്നതുപോലെ ഞാനെന്റെ ശരീരത്തെയും മനസ്സിനെയും ശുദ്ധീകരിക്കും.

# നാട്ടുകഴുതയും കാട്ടുകഴുതയും



# ഗ്ലാസിലെ കൊടുങ്കാറ്റ്

ചായക്കോപ്പയിലെ കൊടുങ്കാറ്റ് എന്ന് കേട്ടിട്ടില്ലേ? ഗ്ലാസ് ജാറിനുള്ളിൽ നമുക്കൊരു കൊച്ചുചുഴലിക്കാറ്റ് സൃഷ്ടിച്ചാലോ?

**ആവശ്യമായത്:** അടപ്പുള്ള ഒരു ഗ്ലാസ് ജാർ, ഡിറ്റർജന്റ്, വെള്ളം.

## ചെയ്യേണ്ട വിധം:

ഒരു ഗ്ലാസ്ജാറിൽ വെള്ളം നിറയ്ക്കുക, മുകൾ ഭാഗത്ത് അല്പം സ്ഥലം (എയർ സ്പേസ്) ബാക്കി നിർത്തണം. അതിലേക്ക് അല്പം ഡിറ്റർജന്റ് ചേർക്കുക. ജാറിന്റെ അടപ്പ് മുറുക്കി അടച്ച ശേഷം, വേഗത്തിൽ മുകളിലേക്കും താഴേക്കും കുലുക്കി കുറച്ച് കുമിളകൾ ഉണ്ടാക്കുക. ശേഷം അല്പനേരം ജാർ അതിവേഗം കറക്കുക. ജാറിന്റെ താഴ്ഭാഗം മുകൾഭാഗത്തെക്കാൾ വിസ്താരത്തിൽ ചുറ്റിക്കുന്നതാണ് നല്ലത്. പിന്നെ, ചുറ്റിക്കുന്നത് നിർത്തുക. ജാറിനുള്ളിൽ നോക്കൂ. അകത്ത് കുമിളകളുടെ ഒരു ചുഴലിക്കാറ്റ് രൂപപ്പെടുന്നത് കാണാം!



## സംഭവിക്കുന്നത്:

ചലനശക്തി (Momentum), അഭികേന്ദ്രബലം (Centripetal force), ഘർഷണം (Friction) എന്നിവയാണ് ഈ ചുഴലിക്കാറ്റുണ്ടാക്കുന്നത്. ജാർ ചുറ്റിക്കുമ്പോൾ വെള്ളത്തിൽ ഒരു ബലം പ്രയോഗിക്കുന്നു. ഇത് വെള്ളത്തെ ഗ്ലാസിന്റെ വശങ്ങളിലേക്ക് തള്ളുന്നു. ചുറ്റിക്കുന്നത് നിർത്തുമ്പോൾ, ഘർഷണം കാരണം ഗ്ലാസിന്റെ വശങ്ങളോട് ചേർന്നിരിക്കുന്ന വെള്ളത്തിന്റെ വേഗത കുറയുകയും അഭികേന്ദ്രബലം വെള്ളത്തെ ജാറിന്റെ മധ്യഭാഗത്തേക്ക് വലിക്കുകയും ചെയ്യുന്നു. വെള്ളത്തിന്റെ ചലനശക്തി കാരണം മധ്യഭാഗത്തേക്കടുക്കുന്തോറും വെള്ളത്തിന്റെ വേഗത കൂടുകയും ഒരു ചുഴി രൂപപ്പെടുകയും ചെയ്യുന്നു.

പട്ടണക്കാട് അബ്ദുൽ ഖാദർ

# ശിക്ഷ

**ആ**ദ്യ പീരീഡ് കണക്കാണ്. പുതിയ മാഷാണ്. കണിശക്കാരൻ! ജമാൽ ഓടിക്കിതച്ചെത്തുമ്പോൾ ക്ലാസ്സ് തുടങ്ങിക്കഴിഞ്ഞിരുന്നു.

'എന്താണ് വൈകിയത്?' മാഷിന്റെ ഗൗരവത്തിലുള്ള ചോദ്യം.

കുട്ടികൾ ജമാലിനെയും മാഷിനെയും മാറിമാറി നോക്കി. ജമാൽ പരുങ്ങി.

'കൈ നീട്ടൂ.' മാഷിന്റെ ആജ്ഞ.

കൈവെള്ളയിൽ മാഷിന്റെ ചൂരൽ വീണു. നീറ്റൽ കടിച്ചുപിടിച്ച് ജമാൽ ക്ലാസിൽ കയറി ബെഞ്ചിലിരുന്നു.

അടുത്തദിവസവും ജമാൽ വൈകിവന്നു. അന്നും മാഷ് അവനെ ശിക്ഷിച്ചു.

'ഇനി താമസിച്ചു വരരുത്, കേട്ടല്ലോ!' മാഷിന്റെ ശബ്ദം ഉറക്കെയായി.

പക്ഷേ, മൂന്നാം ദിവസവും ജമാൽ എത്താൻ വൈകി. കുട്ടികൾ അവനെ അരിശത്തോടെ നോക്കി. ദേഷ്യം കാരണം മാഷിന്റെ നെറ്റി ചുളിഞ്ഞു. ചൂരൽ ഒരുപാടു തവണ അവന്റെ കൈകളിൽ പതിച്ചു. കുട്ടികൾ കണ്ണടച്ചു. ജമാൽ കണ്ണടക്കാതെ നിന്ന് അടികൊണ്ടു.

'ഇനിയും താമസിച്ചു വന്നാൽ ക്ലാസ്സിൽ കയറ്റില്ല!' മാഷ് മുന്നറിയിപ്പ് നൽകി.

'നിനക്ക് നേരത്തെ വന്നുകൂടേ ജമാലേ?' ഇന്റർവെൽ സമയത്ത് ഹമീദ് ചോദിച്ചു.

'മാഷ് പറഞ്ഞാൽ പറഞ്ഞതാണേ. നേരത്തെ വന്നാൽ നിനക്കു നന്ന്.' ഇസ്ഹാഖ് ഉപദേശിച്ചു.

'ചങ്ങാതിമാരേ, അപ്പോൾ നാളെ മുതൽ ഇവൻ പുറത്തുനിന്ന് പഠിക്കും. കാണാൻ നല്ല രസമായിരിക്കും!' പഠിക്കുന്ന കുട്ടികളോട് കുശുമ്പ് കാണിക്കാറുള്ള മീരാൻ പരിഹസിച്ചു. ജമാൽ മറുത്തൊന്നും പറഞ്ഞില്ല.

അടുത്ത ദിവസവും

'മാഷേ, ഞാനിവിടെ നിന്നു പഠിച്ചോളാം.' ക്ലാസിനു പുറത്തുനിന്ന് ജമാൽ അപേക്ഷിച്ചു.

'ജമാൽ, കയറി വരൂ.' മാഷ് അവനെ അടുത്തുവിളിച്ചു. അകത്തുകയറിയ ജമാൽ കൈ നീട്ടി. കുട്ടികൾ കണ്ണടയ്ക്കുവാൻ തയ്യാറായി. മാഷ് ജമാലിന്റെ പുസ്ത



ജമാൽ വന്നത് വൈകിത്തന്നെ. ക്ലാസ്സ് നിശ്ശബ്ദമായി! കുട്ടികൾ ഉൽക്കണ്ഠയോടെ മാഷിനെ നോക്കി.

കസഞ്ചി വാങ്ങി മേശപ്പുറത്തു വെച്ചു.

'ലിസൻ! ജമാലിന്റെ ഈ കുഞ്ഞുകൈകൾ അടികൊള്ളാനുള്ളതല്ല!' മാഷ് ജമാലിന്റെ

കൈകൾ പിടിച്ചുയർത്തി അറിയിച്ചു. കുട്ടികൾക്കത്ഭുതം! ജമാലിന് ഒന്നും മനസ്സിലായില്ല.

‘ജമാൽ താമസിച്ചുവരുന്നതിന് കാരണമുണ്ട്.’ മാഷ് പറഞ്ഞു. കുട്ടികൾ ആകാംക്ഷാഭരിതരായി.

‘ഇന്നു ഞാൻ ബൈക്ക് നന്നാക്കുന്നതിന് വർക്ക്ഷോപ്പിൽ പോയതായിരുന്നു. അപ്പോൾ ‘അപ്പം വേണോ, ചൂടുള്ള അപ്പം വേണോ’ എന്നു വിളിച്ചു പറഞ്ഞുകൊണ്ട് തലയിൽ ഒരു കുട്ടയുമായി ഒരു കുട്ടി റോഡിലൂടെ നടന്നുപോകുന്നതു കണ്ടു. രോഗിയായ ഉമ്മയെ നോക്കാൻ അപ്പം വില്ക്കുന്ന ആ കുട്ടിയെപ്പറ്റി വർക്ക്ഷോപ്പുകാരൻ വിശദീകരിച്ചു തന്നു. അവനൊരു പെങ്ങളുമുണ്ട്. ബാപ്പ വർഷങ്ങൾക്കു മുമ്പ് മരിച്ചുപോയതാണത്രെ! മക്കളേ, ആ കുട്ടിയാണ് ഈ നിൽക്കുന്ന ജമാൽ! ജമാലിന് ഞാനൊരു ഉഗ്രൻ സൈക്കിൾ വാങ്ങിക്കൊടുക്കുന്നുണ്ട്; അപ്പം വിൽക്കാനും സ്കൂളിലേക്ക് നേരത്തെ എത്താനും.’ മാഷ് പറഞ്ഞു തീർന്നതും കുട്ടികളുടെ കൈയടി ഉയർന്നു.

ജമാലിന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി.

# ചേരയും കീരിയും



**ഇ**ഴഞ്ഞു വന്നൊരു മഞ്ഞച്ചേര
ഒഴിഞ്ഞ വയറുനിറയ്ക്കാനായ്
മുഴുത്ത നല്ലൊരു ഇരയെത്തേടി
പറമ്പിലൂടെ പോകുമ്പോൾ
ദേഷ്യക്കാരൻ വരയൻ കീരി
അതുവഴി മെല്ലെ പാഞ്ഞെത്തി.
അതു കണ്ടുടനെ ചേരച്ചേട്ടൻ
കാട്ടിൽ കയറി തടിതപ്പി.

വിജയ വാസുദേവൻ

Current Affairs

## റെക്കോർഡ് നിതീഷ്

ബിഹാർ മുഖ്യമന്ത്രി നിതീഷ്കുമാറിന്റെ പേര് ലണ്ടനിലെ വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ രേഖപ്പെടുത്തി. സ്വതന്ത്രഇന്ത്യയിൽ 10 തവണ മുഖ്യമന്ത്രിയായ ഏക വ്യക്തിയെന്ന നിലയിലാണ് ജെഡിയു നേതാവായ നിതീഷ്കുമാർ വേൾഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയത്.

## വീൽചെയറിൽനിന്ന് വാനോളം

ശരീരം തളർന്ന് വീൽചെയറിലായ ശേഷം ബഹിരാകാശയാത്ര നടത്തുന്ന ആദ്യ വ്യക്തിയെന്ന നേട്ടം ജർമൻകാരിയായ മിഖയ്‌ല ബെന്റ്ഹോസ് സ്വന്തമാക്കി. ജെഫ് ബെസോസിന്റെ ബ്ലൂ ഒറിജിൻ റോക്കറ്റിലായിരുന്നു മിഖയ്‌ലയുടെ ബഹിരാകാശയാത്ര.

## പേഴ്സൺ ഓഫ് ദി ഇയർ

ടൈം വാരികയുടെ 'പേഴ്സൺ ഓഫ് ദി ഇയർ' ആയി നിർമിതബുദ്ധി സാങ്കേതികവിദ്യയുടെ ശിൽപികളെ തിരഞ്ഞെടുത്തു. എഐക്കു പിന്നിൽ പ്രവർത്തിച്ച വിവിധ കമ്പനികളെയും വ്യക്തികളെയുമാണ് വാരിക 2025ലെ വ്യക്തിയായി നിശ്ചയിച്ചത്.

## ഡെംബലെ ദ് ബെസ്റ്റ്

2025 ലെ മികച്ച പുരുഷ ഫുട്ബോൾതാരത്തിനുള്ള 'ഫിഫ ദ് ബെസ്റ്റ്' പുരസ്കാരത്തിന് ഫ്രഞ്ച് ക്ലബ് പിഎസ്ജിയുടെ ഫോർവേഡ് ഉസ്മാൻ ഡെംബലെ അർഹനായി.

## യുഎസ് ആക്രമണം

ലാറ്റിനമേരിക്കൻ രാജ്യമായ വെനസ്വേലയെ ആക്രമിച്ച യുഎസ് വെനസ്വേലൻ പ്രസിഡന്റ് നിക്കോളാസ് മഡുറോയെയും ഭാര്യ സീലിയ ഫ്ളോറെസിനെയും പിടികൂടി രാജ്യത്തിനു പുറത്തു കടത്തി. ജനുവരി മൂന്നിനായിരുന്നു യുഎസ് സേനാവിഭാഗമായ ഡെൽറ്റ ഫോഴ്സിന്റെ നടപടി.

## ഇന്ത്യൻ മുന്നേറ്റം

ജപ്പാനെ മറികടന്ന് ഇന്ത്യ ലോകത്തെ ഏറ്റവും വലിയ നാലാമത്തെ സമ്പദ്‌വ്യവസ്ഥയായി മാറിയെന്ന് കേന്ദ്ര സർക്കാർ. ഇന്ത്യയുടെ ജിഡിപി ഇപ്പോൾ 4.18 ലക്ഷം കോടി ഡോളറാണ്. യുഎസ് ആണ് ലോകത്തെ ഒന്നാമത്തെ സമ്പദ്‌വ്യവസ്ഥ. ചൈനക്കാണ് രണ്ടാം സ്ഥാനം. ജർമനിയാണ് മൂന്നാമത്.

## തൊഴിലുറപ്പിന് പുതിയ പേര്

പുതിയ തൊഴിലുറപ്പുനിയമത്തിന് രാഷ്ട്രപതി അംഗീകാരം നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന പേരിനുപകരം വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ നിയമമാണ് ഇനിയുണ്ടാവുക. ഇത് വിബി ജി റാം ബി എന്ന ചുരുക്കപ്പേരിലറിയപ്പെടും.

## ഗാലപ്പഗോസ് റെയിൽ

**ജൈ**വവൈവിധ്യത്തിനു പേരുകേട്ട ദ്വീപസമൂഹമാണ് ഇക്വഡോറിലെ ഗാലപ്പഗോസ് ദേശീയോദ്യാനം. ഭീമൻ ആമകൾ, ഇഗ്വാനകൾ, വിചിത്ര സസ്യങ്ങൾ തുടങ്ങിയവ ഗാലപ്പഗോസിലുണ്ട്. ഇപ്പോഴിതാ, ഇവിടെനിന്ന് ഒരു ശുഭവാർത്ത! 200 വർഷങ്ങൾക്കു മുമ്പ് ദ്വീപിൽ നിന്ന് കാണാതായി, വംശനാശം സംഭവിച്ചുവെന്ന് കരുതപ്പെട്ടിരുന്ന ഗാലപ്പഗോസ് റെയിൽ എന്ന പക്ഷിവർഗ്ഗത്തെ വീണ്ടും കണ്ടെത്തിയിരിക്കുന്നു. 1835 ൽ ചാൾസ് ഡാർവിനാണ് ഈ പക്ഷിയെ ഗാലപ്പഗോസിലെ ഫ്ളോറിയാന ദ്വീപിൽ അവസാനമായി കണ്ടത്. പിന്നീട്, മനുഷ്യരുടെ ഇടപെടൽ സജീവമായതോടെ എലികളും കാട്ടുപൂച്ചകളും പന്നികളും ആടുകളും അധിനിവേശ സസ്യങ്ങളുമെല്ലാം ദ്വീപിലെത്തി. ഇത് നിരവധി ജീവിവർഗങ്ങളുടെ നാശത്തിന് കാരണമായി. തുടർന്ന്, പ്രാദേശിക പക്ഷികളെയും സസ്യങ്ങളെയും ജീവിവർഗങ്ങളെയും തിരിച്ചുകൊണ്ടുവരാനുള്ള ഒരു പ്രോജക്റ്റിന് രൂപം നൽകി. 2018 മുതൽ 2023 വരെയുള്ള കാലയളവിൽ നടത്തിയ ഈ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഫലം കണ്ടു തുടങ്ങിയതിന്റെ സൂചനയാണ് ഈ പക്ഷിയുടെ സാന്നിധ്യമെന്ന് കരുതപ്പെടുന്നു.



# പ്രാർത്ഥന




**ഐ**സ ഫാത്തിമയും ആസിം ആദമും സന്തോഷത്തോടെയാണന്ന് മദ്റസയിൽ നിന്ന് വീട്ടിലെത്തിയത്.

എത്തിയപാടെ അവർ വല്യുമ്മയോട് പറഞ്ഞു:

'ഉമ്മമ്മാ, ഞങ്ങൾ ഇന്നൊരു പ്രത്യേക ദുആ പഠിച്ചിട്ടുണ്ട്.'

'എന്താണാ ദുആ? കേൾക്കട്ടെ'

വല്യുമ്മ കാതോർത്തപ്പോൾ ഐസയും ആസിമും ഉറക്കെ പറഞ്ഞു:

'അല്ലാഹുമ്മ ബാരിക് ലനാ ഫീ റജബിൻ വ ശഅബാൻ, വ ബല്ലിഗ്നാ റമളാൻ.'

'നല്ല ദുആ ആണല്ലോ, ഉമ്മമ്മാക്ക് അതിന്റെ അർത്ഥവും ഒന്നു പറഞ്ഞുതന്നാട്ടെ.'

'റജബ്, ശഅ്ബാൻ മാസങ്ങളിൽ ഞങ്ങൾക്ക് നീ അനുഗ്രഹം ചൊരിയേണമേ. റമളാനെ ഞങ്ങളിലേക്ക് എത്തിക്കേണമേ' എന്നാണതിന്റെ അർത്ഥം.

'അതു ശരിയാണല്ലോ. റമളാൻ ഇതാ എത്തിക്കഴിഞ്ഞു. ചെയ്തുപോയ തെറ്റുകൾക്ക് പൊറുക്കൽ തേടാനും അല്ലാഹുവിനോട് മാപ്പപേക്ഷിക്കുവാനുമുള്ള സുവർണ്ണകാലമാണ് വിശുദ്ധ റമളാൻ. ധാരാളം സുന്നത്ത് നിസ്കരിക്കാനും ഖുർആൻ പാരായണം ചെയ്യാനും നിങ്ങൾ ശ്രമിക്കില്ലേ?'

'തീർച്ചയായും ഞങ്ങൾ ശ്രമിക്കും.' ഐസയും ആസിമും വല്യുമ്മാക്ക് ഉറപ്പു നൽകി.

***ഹംന. കെ, ഖുവ്വതുൽ ഇസ്‌ലാം മദ്റസ, തുവ്വക്കാട്***

# വികൃതി മാറി

**വി**കൃതിക്കുട്ടിയാണ് മിക്കു. മാതാപിതാക്കളുടെ ഉപദേശമൊന്നും അവൻ അനുസരിക്കാറില്ല. ഒരു ദിവസം കടയിലേക്ക് പോകുകയായിരുന്ന ഒരു കുട്ടിയുടെ പോക്കറ്റിലുള്ള പണം മിക്കു തട്ടിപ്പറിച്ചെടുത്തു. ആ കുട്ടി കരഞ്ഞുകൊണ്ട് മടങ്ങിപ്പോകുന്നതു കണ്ട് മിക്കു പൊട്ടിച്ചിരിച്ചു. അടുത്തദിവസം മദ്റസയിൽ നിന്ന് ഉസ്താദ് പറയുന്നത് അവൻ കേട്ടു: 'സത്യവിശ്വാസി ഒരിക്കലും മോഷ്ടിക്കുകയില്ല. മറ്റുള്ളവരുടെ സമ്പത്ത് തട്ടിപ്പറിക്കുകയില്ല.' ഇതുകേട്ട മിക്കുവിന് സങ്കടവും കുറ്റബോധവും തോന്നി. അവൻ മദ്റസ വിട്ട് നേരെ ആ കുട്ടിയുടെ വീട്ടിൽ പോയി പണം തിരിച്ചുകൊടുക്കുകയും മാപ്പു പറയുകയും ചെയ്തു. ഇനി ഒരിക്കലും ആരെയും ഉപദ്രവിക്കില്ലെന്ന് മനസ്സിലുറപ്പിച്ചു സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.

***ത്വയ്ബ ഫാത്തിമ. കെ, ക്ലാസ്സ് 5 സിഎംവിഎസ് മദ്റസ കല്ലേരി***




# പങ്കുവെപ്പിന്റെ മധുരം

**അ**ന്ന് റമളാൻ പത്തായിരുന്നു. അശ്കർ ആദ്യത്തെ നോമ്പ് പൂർത്തിയാക്കുന്ന ദിനം. വിശപ്പും ദാഹവുമെല്ലാമുണ്ടെങ്കിലും ഉമ്മയും ഉപ്പയും നൽകിയ പ്രോത്സാഹനമാണ് അവനെ നോമ്പ് പൂർത്തിയാക്കാൻ പ്രേരിപ്പിച്ചത്. വൈകുന്നേരം നോമ്പുതുറക്കുള്ള വിഭവങ്ങൾ തയ്യാറാക്കുന്ന തിരക്കിലായിരുന്നു ഉമ്മ. ചെഞ്ചായമണിയുന്ന ആകാശം നോക്കി ഉമ്മറത്ത് കാത്തിരിക്കുകയായിരുന്നു അശ്കർ. അപ്പോഴാണ് അയൽവീട്ടിലെ മുത്തശ്ശി കൈയിൽ ഒരു പൊതിയയുമായി, ഉമ്മയെ നീട്ടി വിളിച്ച് അവിടെയെത്തിയത്. ഉമ്മ പുറത്തുവന്നപ്പോൾ മുത്തശ്ശി ആ പൊതി ഏൽപ്പിച്ചുകൊണ്ടു പറഞ്ഞു:

'ഇന്ന് എന്റെ കൊച്ചുമകൻ വന്നപ്പോൾ ഉണ്ടാക്കിയ ഉണ്ണിയപ്പമാണ്.' ഉമ്മ സ്നേഹപൂർവ്വം അത് വാങ്ങിവെച്ചു. അകത്തുപോയി അല്പം പായസവും പഴങ്ങളും കുറച്ചു ബിരിയാണിയുമെടുത്ത് മുത്തശ്ശിക്ക് കൊടുത്തു. മുത്തശ്ശി തിരിച്ചുപോയപ്പോൾ അശ്കർ ഉമ്മയോട് ചോദിച്ചു: 'ഉമ്മയെന്തിനാ മുത്തശ്ശിക്ക് അത്രയും കൊടുത്തത്?'

ഉമ്മ അശ്കറിനെ ചേർത്തുപിടിച്ചു പറഞ്ഞു: 'മോനേ, റമളാൻ പട്ടിണി കിടക്കാനുള്ള കാലം മാത്രമല്ല; പങ്കുവെപ്പിന്റെ കാലം കൂടിയാണത്. നമ്മുടെ കുടുംബക്കാർക്കും അയൽവാസികൾക്കും വിഭവങ്ങൾ പങ്കുവെക്കാമല്ലോ.'



അശ്കറിന് കാര്യം മനസ്സിലായി. അവൻ ഈത്തപ്പഴം കഴിച്ചു നോമ്പു തുറന്നു. മുത്തശ്ശി ഉണ്ടാക്കിയ ഉണ്ണിയപ്പത്തിന് കൂടുതൽ രുചിയുള്ളതായി അവനു തോന്നി. പങ്കുവെക്കലിന്റെ മധുരം അപ്പോഴാണവൻ അനുഭവിച്ചത്.

*അൽമ ഫാത്വിമ പി.എ, ക്ലാസ് 8, ശരീഅത്തുൽ ഇസ്‌ലാം മദ്റസ, ഏലൂക്കര, മുപ്പത്തടം, എറണാകുളം*

# കത്തുകൾ

പ്രിയ ബാലകുസുമത്തിന്,
നിന്നെ എല്ലാ മാസവും ഞാൻ കാത്തിരിക്കാറുണ്ട്. അബൂട്ടിയാണ് ആദ്യം വായിക്കുക. ശേഷം ഹോജയും മിസ്റ്റർമണ്ടപ്പനും സഫറുമെല്ലാം വായിക്കും. ഒരുപാട് അറിവുകൾ നൽകുന്ന നല്ല ഗുണപാഠകഥകളുമായി വേഗം വരണേ... പ്രതീക്ഷയോടെ,

**മുഹമ്മദ് സ്വബാഹ് പി, ക്ലാസ് 8 മർകസ് റൈഹാൻവാലി**

പ്രിയപ്പെട്ട ബാലകുസുമത്തിന്,
ഞാൻ എത്ര നാളായി നിന്നെ കാത്തിരിക്കുന്നുവെന്നോ! നിന്നെ കൈയിൽ കിട്ടിയാൽ പിന്നെ മുഴുവൻ വായിച്ചേ താഴെ വയ്ക്കൂ. നിന്റെ കവിതകൾക്കും കഥകൾക്കുമെല്ലാം നൂറ് മാർക്കാണ്. ബാലകുസുമത്തിലെ എല്ലാവരും എന്റെ കൂട്ടുകാരാണ് കേട്ടോ. മിസ്റ്റർ മണ്ടപ്പനും ഹോജയുമാണ് എന്റെ ഫേവറിറ്റ് ഫ്രണ്ട്സ്. ലാസ്റ്റ്പേജിലെ വേഡ്പസിലും സുഡോക്കുവും കളിക്കാൻ ഞാനും ഇത്താത്തയും തമ്മിൽ വഴക്കാണ്.
സ്നേഹത്തോടെ,

**മുഫ്‌ലിഹ കെ കെ, ക്ലാസ് 5, ജീലാനി സുന്നി മദ്റസ കുളത്തക്കര, ഓമശ്ശേരി**

പ്രിയപ്പെട്ട ബാല കുസുമത്തിന്,
ഞാൻ നിന്നെ കത്തിരിപ്പാണിവിടെ. ഹോജയുടെയും മിസ്റ്റർ മണ്ടപ്പന്റെയും സഫറിന്റെയും അബൂട്ടിയുടെയും കഥകൾ എനിക്ക് വളരെ ഇഷ്ടമാണ്. കുസുമം ലഭിച്ചാൽ ഞാൻ ആദ്യം വായിക്കാറുള്ളത് അബൂട്ടിയാണ്. വായിക്കുമ്പോൾ അറിയാതെ കണ്ണുകൾ നിറഞ്ഞുപോകും. മദ്റസയിൽ കുസുമം ക്വിസ് ഉണ്ടാവാറുണ്ട്. നിന്റെ അടുത്ത വരവും കാത്ത്
പ്രതീക്ഷയോടെ,

**സൈനുൽ ആബിദീൻ, ക്ലാസ്സ് 8, സിറാജുൽ ഹുദാ സുന്നി മദ്റസ, ചെറുമോത്ത്**

പ്രിയപ്പെട്ട ബാലകുസുമത്തിന്,
നിന്നെ വലിയ ഇഷ്ടമാണെനിക്ക്. ഓരോ മാസവും നിന്നെ കാത്തിരിക്കും ഞാൻ. കൈയിൽ കിട്ടിയാൽ പിന്നെ രണ്ടും മൂന്നും പ്രാവശ്യമൊക്കെ വായിക്കും. മിസ്റ്റർ മണ്ടപ്പന്റെയും ഹോജയുടെയും ഫലിതങ്ങൾ വായിക്കുമ്പോൾ ചിരി വരും. അബൂട്ടിയുടെ കഥ വായിച്ചാലോ, കണ്ണുകൾ നിറയും. സഫറും കുഞ്ഞുമോനും എന്റെ ഉറ്റകൂട്ടുകാരാണ്. പുതിയ വിഭവങ്ങളുമായി ഉടനെ വരുമെന്ന പ്രതീക്ഷയോടെ,

**ആഇശ ശൈമ സിഎച്ച്, ഇശാഅത്തുസ്സുന്ന മദ്റസ, പെരിന്താറ്റിരി**

✍ റൈഹാൻ

സമസ്ത ചരിത്രം - 26

# സി കെ ബീരാൻകുട്ടി മുസ്‌ലിയാർ

**കൊ**മ്പുകളിൽ കായ് കനികൾ നിറയുമ്പോൾ വൃക്ഷങ്ങളുടെ തല കുനിയും. അതുപോലെ അറിവുകൾ വർധിക്കുന്തോറും മഹാപണ്ഡിതരുടെ തല വിനയത്താൽ കൂടുതൽ കുനിയും. ഇങ്ങനെ വിനയം കാരണം അഹങ്കാരം വെടിഞ്ഞ് തല കുനിച്ചു ജീവിച്ച മഹാപണ്ഡിതരിലൊരാളാണ് സി.കെ ബീരാൻകുട്ടി മുസ്‌ലിയാർ. മലപ്പുറം ജില്ലയിലെ പൂക്കിപ്പറമ്പിനടുത്ത വാളക്കുളത്താണ് ജനനം. വളരെക്കാലം സമസ്തയുടെ പ്രസിഡന്റ് പദവി അലങ്കരിച്ചിരുന്ന അബ്ദുൽ ബാരി മുസ്‌ലിയാരുടെ ശിഷ്യരിൽ പ്രമുഖനായ അഹ്മദ് മുസ്‌ലിയാരാണ് പിതാവ്. മാതാവ് കോട്ടക്കൽ ബീരാൻകുട്ടിയുടെ മകൾ കുഞ്ഞീമ.

കുട്ടിക്കാലത്തേ പിതാവ് മരണപ്പെട്ടുപോയി. അനാഥത്വത്തിന്റെ കയ്പ്പുനീർ കുടിച്ചു വളരേണ്ടിവന്നു. ആ ഘട്ടത്തിൽ പിതാവിന്റെ ഗുരുവായ അബ്ദുൽ ബാരി മുസ്‌ലിയാർ ആ കുട്ടിയുടെ കൈ പിടിച്ച് അറിവിന്റെ വഴിയിലേക്ക് നയിച്ചു. തലക്കടത്തൂർ അബ്ദുല്ല മുസ്‌ലിയാരുടെ ദർസിലാണ് ആദ്യം ചേർത്തത്. പിന്നെ, കുറ്റൂർ കമ്മു മുസ്‌ലിയാരുടെ



ദർസിലേക്കു മാറ്റി. അങ്ങനെ പ്രാഥമിക പഠനത്തിനു ശേഷം അക്കാലത്തെ പേരുകേട്ട പണ്ഡിതനായ കൈപ്പറ്റ ബീരാൻകുട്ടി മുസ്‌ലിയാരുടെ ദർസിലേക്ക് പറഞ്ഞയച്ചു. പത്തുവർഷം അവിടെ പഠനം തുടർന്ന സി കെ ബീരാൻകുട്ടി മുസ്‌ലിയാർ കേരളത്തിലെ അറിയപ്പെട്ട പണ്ഡിതരിലൊരാളായി. അങ്ങനെയാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ മുശാവറയിൽ അംഗമാകുന്നത്.



ദർസ് നടത്താൻ യോഗ്യനാണെന്ന് ബോധ്യമായപ്പോൾ ഗുരു ശിഷ്യനെ പറഞ്ഞയച്ചു. കോട്ടക്കൽ കൂരിയാട്, കാനാഞ്ചേരി, കാരന്തൂർ സുന്നി മർകസ് എന്നിവിടങ്ങളിൽ മുദരിസായി ഉസ്താദ് നാല്പത്തിയേഴു വർഷം ദർസ് തുടർന്നു. കൈപ്പറ്റ ഉസ്താദിന്റെ ജീവിതം പൂർണ്ണമായി ജീവിതത്തിൽ പകർത്തിയായിരുന്നു അധ്യാപനം. ഉസ്താദ് ക്ലാസ്സെടുത്തിരുന്ന അതേ രീതിയിലായിരുന്നു ക്ലാസ്. പഠനത്തിൽ പിന്നിലാകുന്ന വിദ്യാർത്ഥികളെ പ്രത്യേകം ശ്രദ്ധിച്ച്, അവർക്ക് മനസ്സിലാകുന്ന രീതിയിൽ ക്ലാസെടുത്ത് ഉയർത്തിക്കൊണ്ടുവരാൻ ഉസ്താദ് ഏറെ പരിശ്രമിച്ചിരുന്നു. ഒരു കുട്ടിയെയും അവഗണിക്കുകയോ ആക്ഷേപിക്കുകയോ ചെയ്തിരുന്നില്ല. ശിഷ്യർക്കെല്ലാം താങ്ങും തണലും മാതൃകയുമായിരുന്നു സി.കെ ഉസ്താദ്.

വാർദ്ധക്യത്തിൽ പോലും പഠനതല്പരനായിരുന്നു. ദർസിന്റെ സമയം കഴിഞ്ഞാൽ പിന്നെ വായനയിലേക്കു കടക്കും. അടുത്ത ദിവസത്തെ ക്ലാസിനു വേണ്ടി ഒരുങ്ങിത്തയ്യാറാവും. വിവിധ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങൾ നിരന്തരം വായിച്ചുകൊണ്ടിരിക്കും. ഒരു

നിമിഷം പോലും ഉസ്താദ് വെറുതെ കളഞ്ഞിരുന്നില്ല. അങ്ങനെ അറിവിന്റെ പാരാവാരമായിത്തീർന്ന ഉസ്താദിനെ സ്നേഹജനങ്ങൾ 'ഫഖീഹുൽ ഉമ്മ' എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്. അറബിയിലും മലയാളത്തിലുമായി ഉസ്താദ് ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ 'ജവാഹിറുൽ ഫിഖ്ഹ്' എന്ന കർമ്മശാസ്ത്ര സംബന്ധമായ കൃതി അദ്ദേഹത്തിന്റെ അറിവിന്റെ ആഴം വ്യക്തമാക്കുന്ന ഗ്രന്ഥമാണ്. ഇത്രയും വലിയ പണ്ഡിതനായിരുന്നെങ്കിലും താൻ വളരെ നിസ്സാരനാണെന്നായിരുന്നു ഭാവം. ഒരാളുടെ മുമ്പിലും ഉയർന്ന ഭാവം നടിച്ചിരുന്നില്ല. ഇസ്‌ലാമിക കാര്യങ്ങളിൽ സ്വന്തം അഭിപ്രായം പറയാൻ ധൈര്യം കാണിച്ചിരുന്നില്ല. അതേസമയം, തെറ്റ് എവിടെ കണ്ടാലും തുറന്നുപറയാൻ മടിച്ചിരുന്നുമില്ല.

അറിവ് പഠിക്കാനും പഠിപ്പിക്കാനുമായി ജീവിതം ഉഴിഞ്ഞുവെച്ച ആ മഹാത്മാവ് ഹി 1441 ജുമാദുൽഊലാ 26ന് ഈ ലോകത്തോട് വിട പറഞ്ഞു. പൂക്കിപ്പറമ്പ് ജുമുഅത്ത് പള്ളി ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു.

❖

## അബ്ദുല്ല പേരാമ്പ്ര

മദീനയിൽ ദാനശീലനായ ഒരു സമ്പന്നൻ ജീവിച്ചിരുന്നു. ഓരോ ദിവസവും എന്തെങ്കിലുമൊക്കെ അയാൾ ദാനം ചെയ്യും.

ഒരിക്കൽ 10 ദീനാർ ഒരു സ്ത്രീക്ക് ദാനം ചെയ്തു. അവളൊരു വേശ്യയായിരുന്നുവെന്ന് അയാൾ അറിഞ്ഞിരുന്നില്ല.

'വേശ്യക്ക് ദാനം നൽകുന്ന ഇയാൾ ഒരു വിചിത്രമനുഷ്യൻ തന്നെ!' ആളുകൾ അയാളെ പരിഹസിക്കാൻ തുടങ്ങി. അയാൾ അത് കാര്യമാക്കിയില്ല. ദാനം നൽകാൻ കഴിഞ്ഞതിൽ അല്ലാഹുവിനെ സ്തുതിച്ചു.

അടുത്ത ദിവസം അയാൾ മറ്റൊരാൾക്ക് ദാനം നൽകി. പക്ഷേ, പിന്നീടാണയാൾ അറിഞ്ഞത്; താൻ ദാനം നൽകിയവൻ ഒരു കള്ളനായിരുന്നുവെന്ന്. ഇതറിഞ്ഞ് വീണ്ടും ജനം അയാളെ കളിയാക്കാൻ




തുടങ്ങി: 'ഇയാൾ വല്ലാത്തൊരു മനുഷ്യൻ തന്നെ! കള്ളന്മാർക്ക് ആരെങ്കിലും ദാനം നൽകുമോ?' അയാൾക്ക് അതിൽ പരിഭവമൊന്നും തോന്നിയില്ല. 'അല്ലാഹുവേ, നിനക്കാണ് സർവ്വസ്തുതിയും. ഞാൻ നൽകിയ ദാനം നീ സ്വീകരിക്കേണമേ!'

മൂന്നാം ദിനം, ആർക്കാണ് ദാനം നൽകേണ്ടതെന്ന് ആലോചിച്ചു നടക്കുമ്പോഴാണ് മാന്യമായി വസ്ത്രം ധരിച്ച ഒരാൾ നടന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടത്.

അയാൾ കൈയിലുള്ള പണം അയാൾക്ക് കൊടുത്തു. ആ മനുഷ്യൻ അത് സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. ഇത്തവണയും ആളുകൾ അയാളെ പരിഹസിച്ചു.

'വിചിത്രനായ ധർമ്മിഷ്ഠൻ തന്നെ! പണക്കാർക്ക് ആരെങ്കിലും ദാനം നൽകുമോ?'

മൂന്നുദിവസവും അനർഹമായ കൈകളിലാണല്ലോ എന്റെ ദാനം എത്തിപ്പെട്ടത് എന്നാലോചിച്ച് അയാളുടെ മനസ്സ് വേദനിച്ചു. അയാൾ അല്ലാഹുവിനോട് പൊറുക്കൽ തേടി: 'അല്ലാഹുവേ, നീ എനിക്ക് പൊറുത്തുതരേണമേ. അറിയാതെ സംഭവിച്ച തെറ്റുകളാണ്.'

അതുകേട്ടു നിന്ന ഒരാൾ അടുത്തുവന്ന് അയാളോട് മെല്ലെ പറഞ്ഞു: 'വളരെ നല്ല കാര്യമാണ് താങ്കൾ ചെയ്തത്. നിങ്ങളുടെ ദാനം മൂലം ആ സ്ത്രീ വേശ്യാവൃത്തിയിൽ നിന്നും, കള്ളൻ മോഷണത്തിൽ നിന്നും പിന്തിരിഞ്ഞേക്കാം. ഇന്ന് നിങ്ങളുടെ ദാനം ലഭിച്ച പണക്കാരന് ദാനശീലനാകാൻ അതൊരു പ്രചോദനമായേക്കാം.'

അതുകേട്ട് സമ്പന്നൻ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 11

# ഛത്തീസ്ഗഢ്

- തലസ്ഥാനം : റായ്പൂർ
- വിസ്തീർണം : 1,35,194 ച കി മീ.
- ജനസംഖ്യ : 25,545,198
- ജനസാന്ദ്രത : 189/ച.കി.മീ
- സ്ത്രീപുരുഷ അനുപാതം : 991/1000
- സാക്ഷരത : 70.28%
- ഭാഷ : ഹിന്ദി
- ലോക്സഭാ സീറ്റുകൾ : 11
- രാജ്യസഭാ സീറ്റുകൾ : 5
- അസംബ്ലി സീറ്റുകൾ : 90

### ചരിത്രം

പ്രാചീനകാലത്ത് ദക്ഷിൺകൗസൽ എന്നാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. മറാത്തക്കാരുടെ ഭരണകാലത്താണ് ഛത്തീസ്ഗഢ് എന്ന പേര് ഈ പ്രദേശത്തിനു ലഭിച്ചത്. മധ്യപ്രദേശ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഛത്തീസ്ഗഢ് 2000 നവംബർ ഒന്നിന് ഇന്ത്യയുടെ 26-ാമത്തെ സംസ്ഥാനമായി നിലവിൽവന്നു.

### ജില്ലകൾ – 27

1. റായ്പൂർ 2. ധമതരി 3. മഹാസമുന്ദ് 4. ദുർഗ് 5. രാജ്നന്ദഗാവ് 6. കബീർധാം 7. ബിലാസ്പൂർ, 8. കോർബാ 9. ജൻജ്ഗീർ-ചമ്പാ 10. റായ്ഗഢ്, 11. ജഷ്പൂർ 12. സർഗുജ 13. കോറിയ 14. ബസ്തർ 15. ദണ്ഡേവാഡ 16. കാൻകർ 17. നാരായൺപൂർ 18. ബീജാപൂർ, 19. സുക്മ, 20. കൊണ്ഡ്ഗാവ്, 21. ഗരിയബന്ദ്, 22. ബാലൗദ്, 23. ബലൗദബസാർ, 24. ബേമെതര, 25. മുങ്കേലി, 26. സൂരജ്പൂർ, 27. ബൽറാംപൂർ.



**അതിർത്തികൾ**

വടക്ക് - ഉത്തർപ്രദേശ്, ജാർഖണ്ഡ്,
കിഴക്ക് - ജാർഖണ്ഡ്, ഒഡീഷ
തെക്ക് - ആന്ധ്രപ്രദേശ്
പടിഞ്ഞാറ് - മധ്യപ്രദേശ്, മഹാരാഷ്ട്ര


**സംസ്ഥാന പുഷ്പം** – ഇന്ത്യൻ ലോറൽ
**സംസ്ഥാന പക്ഷി** – സാൽ
**സംസ്ഥാന വൃക്ഷം** – ഹിൽ മൈന
**സംസ്ഥാന മൃഗം** – കാട്ടുപോത്ത്




# ഹോജ



ഹേയ്, നിങ്ങൾ എന്റെ കഴുത യെ കണ്ടിരു ന്നോ?
ഹിഹി! പോലീസ് സ്റ്റേഷനിൽ പുതുതായി വന്ന പോലീസു കാരൻ ഒരു കഴുതയാണെ ന്ന് പറഞ്ഞു കേൾക്കുന്നു ണ്ട്. ചിലപ്പോൾ താങ്കളുടെ കഴുതയാകും അത്!

ഹേയ്! അങ്ങനെ വരാൻ വഴിയില്ല.
അതെന്താ?
എന്റെ കഴുതക്ക് ജനങ്ങ ളിൽ നിന്ന് കൈകൂലി വാ ങ്ങാനോ നിരപരാധികളെ ശിക്ഷിക്കാനോ അറിയില്ല.

നമ്മുടെ പോലീസുകാർക്കുള്ള ഇത്തരം യോഗ്യതകളൊന്നും എ ന്റെ കഴുതക്കില്ല.
?!

മുഹ്സിന അസ്‌ലം

# കാക്കക്കൂട്ടിലെ കുഞ്ഞുങ്ങൾ

**അ**ത്തിമരത്തിന്റെ മുകളിലെ കൊമ്പിൽ നീലൻകാക്കയും കാക്കച്ചിപ്പെണ്ണും കൂടി ചുള്ളിക്കമ്പുകളും നാരും ഉപയോഗിച്ച് മനോഹരമായൊരു കൂടു പണിതു. ദിവസങ്ങൾ കഴിയവേ കാക്കച്ചിപ്പെണ്ണ് മുട്ടയിട്ടു. അഞ്ചു സുന്ദരൻമുട്ടകൾ. കാക്കച്ചിപ്പെണ്ണ് സന്തോഷത്തോടെ മുട്ടകൾക്കു മീതെ അടയിരുന്നു. നീലൻകാക്കയാവട്ടെ, ദിവസവും സൂര്യനുദിച്ചാൽ തീറ്റ തേടി പറന്നുപോകും. വൈകീട്ട് കാക്കച്ചിപ്പെണ്ണിന് നല്ല ഭക്ഷണങ്ങൾ കൊണ്ടുവരും.


ആയിടക്കാണ് വിദൂരനാട്ടിൽ നിന്ന് രണ്ടു കുയിലുകൾ അത്തിമരത്തിൽ വിരുന്നെത്തിയത്. അവർ കാക്കച്ചിപ്പെണ്ണുമായി ചങ്ങാത്തത്തിലായി. അത്തിമരത്തിലിരുന്ന് ബഹളം കൂട്ടുന്ന അവരെ കണ്ടപ്പോൾ നീലൻകാക്കയ്ക്ക് ദേഷ്യം തോന്നി.

'കുയിലുകൾ ചതിയന്മാരാണ്. അവരെ വിശ്വസിക്കരുത്.' നീലൻകാക്ക കാക്കച്ചിപ്പെണ്ണിനോട് പറഞ്ഞെങ്കിലും അവളതത്ര കാര്യമാക്കിയില്ല. നീലൻകാക്ക പോയ തക്കം നോക്കി പെൺകുയിൽ കാക്കച്ചിപ്പെണ്ണിന്റെ അരികിലെത്തി കുശലം പറയാൻ തുടങ്ങി. തനിച്ചിരുന്നു മടുത്ത കാക്കച്ചിപ്പെണ്ണിന് വിശേഷങ്ങൾ പങ്കുവെക്കാൻ ഒരാളെ കിട്ടിയതിൽ സന്തോഷമായി.

'ഹായ്! നിന്നെ നല്ല തേൻവരിക്ക മണക്കുന്നല്ലോ, എവിടുന്നു കിട്ടി?' ഒരു ദിവസം പുള്ളിക്കുയിൽ വന്നപ്പോൾ കാക്കച്ചിപ്പെണ്ണ് ചോദിച്ചു.

'കുളക്കരയിലെ വരിക്കപ്ലാവിൽ നല്ല ഒന്നാന്തരം തേൻവരിക്കയുണ്ട്. നിനക്ക് വേണമെങ്കിൽ പോയി മതിവരുവോളം തിന്നോളൂ. മുട്ടകൾ ഞാൻ നോക്കിക്കോളാം.'

മധുരമുള്ള തേൻവരിക്കയെക്കുറിച്ചോർത്തപ്പോൾ കാക്കച്ചിപ്പെണ്ണിന് വായിൽ വെള്ളമൂറി. മുട്ടകളെല്ലാം കുയിലിനെ നോക്കാനേൽപ്പിച്ച് അവൾ



കുളക്കരയിലേക്ക് പറന്നു. വൈകാതെ, വയറു നിറച്ച് തിരികെയെത്തി. അല്പനേരം തന്റെ മുട്ടകൾക്ക് അടയിരുന്ന കുയിലിന് അവൾ നന്ദി പറഞ്ഞു.

അടുത്ത ദിവസവും കാക്കച്ചിപ്പെണ്ണ് കുയിലിനെ കൂട്ടിലിരുത്തി തേൻവരിക്കതിന്നാൻ പോയി. മൂന്നു നാൾ ഇങ്ങനെ തുടർന്നു. നാലാം ദിനം മുതൽ കാക്കച്ചിപ്പെണ്ണ് ഏറെ നേരം കാത്തിരുന്നെങ്കിലും പിന്നീട് കുയിൽ അതു വഴി വന്നതേയില്ല. എന്നും സൂര്യനുദിക്കുമ്പോൾ തീറ്റ തേടിയിറങ്ങി സന്ധ്യാനേരത്ത് കൂട്ടിൽ തിരിച്ചെത്തുന്ന നീലൻകാക്ക ഈ വിവരമൊന്നും അറിഞ്ഞിരുന്നില്ല.

നാളുകൾ കഴിഞ്ഞു മുട്ട വിരിഞ്ഞപ്പോൾ മൂന്ന് വലിയ കുഞ്ഞുങ്ങളും രണ്ട് ചെറിയ കുഞ്ഞുങ്ങളും! കുയിലുകൾ ഒപ്പിച്ച പണിയായിരിക്കും ഇതെന്ന് നീലൻകാക്കക്ക് സംശയമായി. കാക്കച്ചിപ്പെണ്ണ് ഇതൊന്നുമറിയാതെ അഞ്ചുകുഞ്ഞുങ്ങളെയും അരുമയോടെ തലോടി.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ കുഞ്ഞുങ്ങൾ വളർന്നു വലുതായി.

കൂ.. കൂ.. കൂ.. ക്രാ.. ക്രാ.. ക്രാ.. കൂട്ടിൽ നിന്ന് വ്യത്യസ്തമായ കരച്ചിൽ കേട്ടതോടെ നീലൻകാക്കയ്ക്കും കാക്കച്ചിപ്പെണ്ണിനും കാര്യം പിടികിട്ടി. പക്ഷേ, എന്തു ചെയ്യാൻ? പറക്കമുറ്റാത്ത കുഞ്ഞുങ്ങളല്ലേ! അവർ അഞ്ചുപേരെയും സ്നേഹത്തോടെ വളർത്തി.





അബൂറയ്യാൻ

# റമളാൻ നേരങ്ങൾ

**കൂട്ടുകാരേ,**

പുണ്യങ്ങളുടെ പെയ്ത്തുകാലമായ റമളാൻ എത്തിക്കഴിഞ്ഞു. ഈ വർഷത്തെ നോമ്പുകാലം പരീക്ഷക്കാലം കൂടിയാണല്ലോ. വിലപ്പെട്ട റമളാൻ നേരങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ വൈജ്ഞാനികവും ആത്മീയവുമായ പുരോഗതി കൈവരിക്കാനും പരീക്ഷകളിൽ മികച്ച മാർക്ക് നേടാനും കഴിയും. ഈ നോമ്പുകാലത്ത് നമുക്കൊരു റമളാൻ ഡയറി തയ്യാറാക്കിയാലോ?

### ഖുർആൻ പാരായണം

വിശുദ്ധ ഖുർആൻ അവതരിച്ച മാസമാണല്ലോ റമളാൻ. സൽകർമ്മങ്ങൾക്ക് പതിന്മടങ്ങ് പ്രതിഫലം ലഭിക്കുന്ന റമളാനിൽ നിരവധിതവണ ഖുർആൻ ഓതിത്തീർക്കൽ മഹാന്മാരുടെ പതിവായിരുന്നു. അഞ്ചുനേരത്തെ ഫർള് നിസ്കാരങ്ങൾക്കു മുമ്പും ശേഷവുമായി നാലു പേജ് വീതം ഓതിയാൽ ഒരു ദിവസം ഒരു ജുസ്അ് തീർക്കാം. അങ്ങനെ റമളാൻ കഴിയുമ്പോഴേക്ക് ഒരു ഖത്മ് പൂർത്തിയാക്കാം. ഓരോ ദിവസവും ഓതുന്ന പേജുകളുടെ എണ്ണം ഡയറിയിൽ രേഖപ്പെടുത്താം. ഖുർആൻ പാരായണ നിയമങ്ങൾ പഠിക്കാനും റമളാൻ ഉപയോഗപ്പെടുത്താം. ഓഫ്‌ലൈനായും ഓൺലൈനായും തജ്‌വീദ് നിയമങ്ങൾ പഠിക്കാൻ ഇന്ന് ധാരാളം സംവിധാനങ്ങളുണ്ടല്ലോ.

### പരീക്ഷയും പഠനവും

പാഠഭാഗങ്ങൾ തുടക്കം മുതൽ ഒന്നുകൂടി വായിച്ചുമനസ്സിലാക്കി പരീക്ഷക്ക് തയ്യാറെടുക്കാൻ റമളാനിൽ സമയം കണ്ടെത്തണം. എത്ര മിനുട്ട് നേരം, ഏതെല്ലാം വിഷയങ്ങൾ പഠിക്കണമെന്നതു സംബന്ധിച്ച് നേരത്തെ തന്നെ ധാരണ വേണം. പരീക്ഷക്കു വേണ്ടി പ്രത്യേക ടൈംടേബിൾ തയ്യാറാക്കുമ്പോൾ പ്രയാസമുള്ള വിഷയങ്ങൾ റിവിഷൻ നടത്താനും പഠിക്കാനും കൂടുതൽ സമയം നിശ്ചയിക്കാം.

### വായിക്കാം, കേൾക്കാം

ഓരോ ദിവസവും 20 മിനുട്ട് നേരം വായനയ്ക്ക് വേണ്ടിയും 20 മിനുട്ട്നേരം ഉപകാരപ്രദമായ വീഡിയോ കേൾക്കാൻ വേണ്ടിയും മാറ്റിവെക്കാം. അലക്ഷ്യമായി സ്ക്രോൾ ചെയ്ത് റീലുകൾ കാണുന്നതിനു പകരം മതപ്രഭാഷണങ്ങളോ പഠനാനുബന്ധ കാര്യങ്ങളോ കേൾക്കാം. പുസ്തകങ്ങളിൽ നിന്നും പ്രഭാഷണങ്ങളിൽ നിന്നുമെല്ലാം ലഭിക്കുന്ന നല്ല വാക്കുകൾ, പ്രയോഗങ്ങൾ, മഹദ്വചനങ്ങൾ, സംഭവകഥകൾ തുടങ്ങിയവ റമളാൻ ഡയറിയിൽ രേഖപ്പെടുത്താം. ഏതെങ്കിലും ഒരു പുതിയ ഭാഷ പഠിക്കാൻ ശ്രമിക്കുന്നതും നല്ലതാണ്.

### എഴുതിത്തുടങ്ങാം


പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലുമുള്ള ലേഖനങ്ങളും ഫീച്ചറുകളും കഥകളും കവിതകളും വായിച്ച് പ്രതികരണക്കുറിപ്പുകൾ എഴുതിത്തുടങ്ങാം. കുട്ടിക്കവിതകളും കഥകളും അനുഭവക്കുറിപ്പുകളുമെല്ലാം എഴുതിനോക്കി മുതിർന്നവരുമായി പങ്കുവെച്ച് തെറ്റുകൾ തിരുത്തി ബാലപ്രസിദ്ധീകരണങ്ങളിലേക്കും മറ്റും അയച്ചുകൊടുക്കാം. ജീവിതത്തിലെ പ്രധാന സംഭവങ്ങൾ സർഗാത്മകമായി ഡയറിയിൽ രേഖപ്പെടുത്തുന്നതും എഴുത്ത് മെച്ചപ്പെടാൻ സഹായിക്കും.


### തറാവീഹും ഇഫ്ത്വാറും


റമളാനിലെ പ്രത്യേക നിസ്കാരമാണ് തറാവീഹ്. എല്ലാ ദിവസവും ഫർള് നിസ്കാരങ്ങൾക്കു പുറമെ ഇരുപത് റക്അത്ത് തറാവീഹ്, വിത്ർ, റവാത്തിബ്, തഹജ്ജുദ്, ളുഹാ നിസ്കാരങ്ങൾ പതിവാക്കാൻ ശ്രമിക്കാം. അത്താഴസമയത്തും നോമ്പുതുറ സമയത്തും മിതമായി ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കണം. അമിതഭോജനം ഉറക്കവും ക്ഷീണവും വർദ്ധിപ്പിക്കും. ശാരീരികമായും ആത്മീയപരമായും അത് ദോഷം ചെയ്യും.

# ആകാംക്ഷ അമിതമാകരുത്




ഹിഹി! ഇപ്പോ കാണിച്ചു തരാം.
അടുത്ത നിമിഷം,
ഹയ്യോ! വയറു കത്തുന്നേ! ഞാനിപ്പോൾ ചാകുമേ.
വൈകാതെ,
നോക്കൂ, ആ കടുവ വിശപ്പഴം കഴിച്ചു ചത്തുപോയെന്നു തോന്നുന്നു.
അതെയതെ! പാവം ചത്തുപോയി.
നമുക്ക് അതിനടുത്തേക്ക് പോയി നോക്കിയാലോ?
അരുത് മക്കളെ അരുത്! അത് അപകടമാണ്.


ഹിഹി! ചത്തുപോയ കടുവ എങ്ങനെ അപകടം വരുത്താനാണ്?
അവൻ തിന്നത് വിഷപ്പഴമല്ല. നമ്മെ പിടിച്ച് ശാപ്പിടാനുള്ള അവന്റെ കൗശലമാണത്.
ഓഹോ! കുരങ്ങനപ്പൂപ്പന് കാര്യം പിടികിട്ടിയിട്ടുണ്ട്. അല്പനേരം കൂടി കിടന്നു നോക്കാം.
വൈകാതെ,
ആ കടുവ ചത്തുപോയതു തന്നെയാണ്. കണ്ടില്ലേ എത്ര നേരമായി അനങ്ങാതെ കിടക്കുന്നു!
ശരിയാ. നമുക്ക് പോയിനോക്കാം.
പാവം കടുവച്ചാർ!
ഹി ഹി സംഗതിയേറ്റു!


ഹും, പാവം! ഇ
ങ്ങടുത്തു വാ. അ
പ്പോൾ കാണാം.
ഗർർ!!
ഹുയ്യോ!
രക്ഷിക്കണേ!
ഇന്നത്തെ
സദ്യ കുശാലായി!
മക്കളേ, അമിതമാ
യാൽ ആകാംക്ഷ
യും അപകടമാണ്.
കഷ്ടം!

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. 2025 ലെ ഖേലോ ഇന്ത്യ ഗെയിംസിന് വേദിയാകുന്ന സംസ്ഥാനം?

2. കേരളത്തിൽ കൂടുതൽ കാലം മുഖ്യമന്ത്രിപദം വഹിച്ചതാര്?

3. 31-ാമത് യുഎൻ കാലാവസ്ഥാ ഉച്ചകോടിക്ക് വേദിയാകുന്ന രാജ്യം?

4. 2028 ലെ ഒളിമ്പിക്സിന് വേദിയാകുന്ന യുഎസ് നഗരം?

5. ലോകത്തിന്റെ മേൽക്കൂര എന്നറിയപ്പെടുന്ന പർവ്വതക്കെട്ട്?

6. ഈയിടെ യുഎസ് ആക്രമണത്തെ തുടർന്ന് നാടുകടത്തപ്പെട്ട വെനസേ്വലൻ പ്രസിഡന്റ്?

7. 2025ൽ, ഇരുപതാമത് ജി 20 ഉച്ചകോടിക്കു വേദിയായ നഗരം?

8. ഇന്ത്യയിലെ ആദ്യ സിൽക്ക് മ്യൂസിയം നിലവിൽ വരുന്ന നഗരം?

9. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച് ഈയിടെ കമ്മീഷൻ ചെയ്ത അത്യാധുനിക അന്തർവാഹിനിവേധ യുദ്ധക്കപ്പൽ?

10. 12000 വർഷത്തെ നിദ്രാവസ്ഥക്കുശേഷം സജീവമായ




എത്യോപ്യയിലെ അഗ്നിപർവ്വതം?

11. കേരള ബാങ്കിന്റെ പുതിയ പ്രസിഡന്റ്?

12. 2025 ൽ ലോകത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നഗരം?

13. ഇന്ത്യയുടെ ഇരുപത്തിയാറാമത് വനിത ചെസ്സ് ഗ്രാന്റ് മാസ്റ്റർ?

14. അന്തർവാഹിനിയിൽ യാത്ര ചെയ്ത ആദ്യ ഇന്ത്യൻ രാഷ്ട്രപതി?

15. പ്രഥമ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിന്റെ വേദി?

16. രാജ്യാന്തര ക്രിക്കറ്റിൽ, സിംഗിൾ ഫോർമാറ്റിൽ ഏറ്റവും കൂടുതൽ സെഞ്ചറി നേടിയ താരം?

17. ദേശീയ സീനിയർ അത്‌ലറ്റിക്സ് മീറ്റിൽ ഓവറോൾ ചാമ്പ്യന്മാരായത്?



ഇ കെ നായനാർ, നിക്കോളാസ് മഡുറൊ, എപിജെ അബ്ദുൽകലാം, ക്രിസ്റ്റഫർ ലക്സൺ, ഖാലിദ സിയ


18. ഈയിടെ അന്തരിച്ച ബംഗ്ലാദേശിന്റെ ആദ്യ വനിത പ്രധാനമന്ത്രി?

19. കേംബ്രിജ് നിഘണ്ടുവിന്റെ 2025ലെ വാക്കായി തെരഞ്ഞെടുത്തത്?

20. 2025 നവംബറിൽ നടന്ന ദുബായ് എയർഷോയിൽ വ്യോമാഭ്യാസത്തിനിടെ അപകടത്തിൽപ്പെട്ട ഇന്ത്യൻ വ്യോമസേനയുടെ യുദ്ധവിമാനം?

21. ഈയിടെ ഇന്ത്യൻ പ്രധാനമന്ത്രിക്കൊപ്പം വ്യാപാര കരാറിൽ ഒപ്പുവെച്ച ന്യൂസിലാന്റ് പ്രധാനമന്ത്രി?

22. രാജ്യത്ത് ആദ്യമായി ഹൃദയമാറ്റ ശാസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ ജില്ലാ ആശുപത്രി?



23. അണ്ടർ 17 ഫുട്ബോൾ ലോകകപ്പ് കിരീടം നേടിയ രാജ്യം?

24. കേരളത്തിലെ ആദ്യത്തെ ജെൻസി പോസ്റ്റ് ഓഫീസ് പ്രവർത്തനമാരംഭിച്ചതെവിടെ?

25. ചൈനയിൽ ഈയിടെ ഗതാഗതത്തിനായി തുറന്നുകൊടുത്ത, ലോകത്തിലെ ഏറ്റവും നീളം കൂടിയ വേഗപ്പാതാ തുരങ്കം?

ഉത്തരങ്ങൾ

**ഉത്തരങ്ങൾ**: 1. രാജസ്ഥാൻ, 2. ഇ കെ നായനാർ, 3. തുർക്കി, 4. ലൊസാഞ്ചൽസ്, 5. പാമീർ, 6. നിക്കോളാസ് മഡുറൊ, 7. ജോഹന്നാസ് ബർഗ് (ദക്ഷിണാഫ്രിക്ക), 8. മൈസുരു, 9. ഐ.എൻ.എസ് മാഹി, 10. ഹെയിലി ഗുബ്ബി, 11. പി മോഹനൻ, 12. ജക്കാർത്ത (ഇന്തോനേഷ്യ), 13. സരയു വെൽപുല, 14. എപിജെ അബ്ദുൽ കലാം, 15. ബിലാസ്പൂർ, 16. വിരാട് കോഹ്‌ലി, 17. കേരളം, 18. ഖാലിദ സിയ, 19. പാരാ-സോഷ്യൽ, 20. തേജസ്, 21. ക്രിസ്റ്റഫർ ലക്സൺ, 22. എറണാകുളം ജില്ലാ ആശുപത്രി, 23. പോർച്ചുഗൽ, 24. കോട്ടയം സിഎംഎസ് കോളേജ്, 25. ടിയാൻഷൻ ഷെൻഗിൽ ടണൽ



## സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ




# അശ്ഫാഖുല്ല ഖാൻ

**മുഹ്സിൻ കളത്തിൽകുണ്ട്**

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ധീരസേനാനിയായിരുന്നു അശ്ഫാഖുല്ലഖാൻ. 1900 ഒക്ടോബർ 22ന് ഉത്തർപ്രദേശിലെ ഷാഹജഹാൻപൂരിലുള്ള സമ്പന്നകുടുംബത്തിലാണദ്ദേഹം ജനിച്ചത്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ച കാലത്താണദ്ദേഹം ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിൽ സജീവമായത്. ഉമ്മ മെഹ്റുന്നിസബീഗത്തിന്റെ ശിക്ഷണത്തിൽ സാഹിത്യതൽപരനായി വളർന്ന അശ്ഫാഖുല്ല ഖാൻ ചെറുപ്പം മുതൽ ബ്രിട്ടീഷ് വിരുദ്ധ കവിതകളെഴുതി.

### പോരാട്ടവീഥിയിൽ

വിപ്ലവകാരിയായിരുന്ന രാം പ്രസാദ് ബിസ്മിലിന്റെ നേതൃത്വത്തിൽ ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ എന്ന ഒരു സായുധസമരസേന രൂപീകരിച്ചപ്പോൾ അശ്ഫാഖുല്ല ഖാൻ അതിൽ അംഗമായി. പിന്നീട് അശ്ഫാഖുല്ലയുടെ ധീരതയിലും രാജ്യസ്നേഹത്തിലും സമർപ്പണബോധത്തിലും ആകൃഷ്ടനായ ബിസ്മിൽ അദ്ദേഹത്തെ സേനയുടെ നേതാവായി പ്രഖ്യാപിച്ചു. അശ്ഫാഖുല്ലയും ബിസ്മിലും തമ്മിലുള്ള ബന്ധം മതസൗഹാർദത്തിന്റെ ഉജ്ജ്വല മാതൃകയായി കണക്കാക്കപ്പെടുന്നു.

ആയുധങ്ങൾ വാങ്ങുന്നതിനു പണം കണ്ടെത്താൻ കമ്പനിയുടെ തീവണ്ടി കൊള്ളയടിക്കാനുള്ള പദ്ധതി ബിസ്മിൽ ആസൂത്രണം ചെയ്തിരുന്നു. ഇത്തരമൊരു ഓപ്പറേഷൻ നടത്തിയാൽ ഗവൺമെന്റ് മൃഗീയമായ കലാപങ്ങൾ അഴിച്ചുവിടുമെന്നും

അത് നമ്മുടെ സമരങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും അശ്ഫാഖുല്ല ഖാൻ ശക്തമായി എതിർത്തു. എന്നാൽ, ഭൂരിപക്ഷതീരുമാനം മാനിച്ച്, ആ പദ്ധതിയിൽ നിർണായക പങ്കുവഹിക്കാൻ അശ്ഫാഖുല്ല ഖാൻ നിർബന്ധിതനായി.

1925 ആഗസ്റ്റ് ഒമ്പതിന്, സർക്കാർഖജനാവിലേക്കുള്ള പണവുമായി പോവുകയായിരുന്ന സഹാറൻപൂർ-ലഖ്നോ പാസഞ്ചർ ട്രെയ്നിൽ വിപ്ലവകാരികൾ കവർച്ച നടത്തി. ബിസ്മിലിനും അശ്ഫാഖുല്ലക്കും പുറമെ രാജേന്ദ്ര ലാഹിരി, ചന്ദ്രശേഖർ ആസാദ്, സചീന്ദ്രനാഥ് ബക്ഷി, കേശബ് ചക്രവർത്തി, മൻമത് നാഥ് ഗുപ്ത, മുരാരി ശർമ, മുകുന്ദ് ലാൽ, ബൻവാരി ലാൽ എന്നിവരായിരുന്നു കൃത്യം നിർവഹിച്ചത്. 4679 രൂപ ഒരണ ആറ് പൈസയാണ് കവർച്ച നടത്തിയത്. ബ്രിട്ടീഷ് ഗവൺമെന്റിന് ഞെട്ടലും നാണക്കേടും സമ്മാനിച്ച ഈ സംഭവത്തിനു പിന്നാലെ ബ്രിട്ടീഷ് സർക്കാർ വ്യാപകമായ ആക്രമണം അഴിച്ചുവിട്ടു. വൈകാതെ ബിസ്മിൽ പിടിയിലായി. ബാക്കിയുള്ളവർക്കു വേണ്ടി പോലീസ് ശക്തമായ തിരച്ചിൽ നടത്തിയെങ്കിലും പിടികൂടാനായില്ല.

## കുടിയേറ്റവും അന്ത്യവും

സംഭവശേഷം നേപ്പാളിലേക്കു കടന്ന അശ്ഫാഖുല്ലയെ കണ്ടെത്താൻ ബ്രിട്ടീഷുകാർ സകലതന്ത്രങ്ങളും പ്രയോഗിച്ചെങ്കിലും ഫലിച്ചില്ല. ഒരു വർഷത്തിനുശേഷം ഗ്രാമവാസികളിലൊരാൾ ഒറ്റിക്കൊടുത്തതോടെ പൊലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയായിരുന്നു. കേസിന്റെ വിചാരണ ഏകദേശം ഒന്നര വർഷം നീണ്ടുനിന്നു. വിചാരണക്കിടെ, ബിസ്മിലിനെ രക്ഷിക്കാനായി, കവർച്ചയുടെ മുഴുവൻ ഉത്തരവാദിത്തവും താൻ ഏറ്റെടുക്കുന്നതായി അശ്ഫാഖുല്ല പ്രഖ്യാപിച്ചെങ്കിലും ബിസ്മിൽ, അശ്ഫാഖുല്ല, രാജേന്ദ്ര ലാഹിരി, റോഷൻ സിംഗ് എന്നിവരെ കോടതി തൂക്കിക്കൊല്ലാൻ വിധിച്ചു. അഞ്ചു പ്രതികളെ കാലാപാനിയിലേക്ക് നാടുകടത്തി. എന്നാൽ ചന്ദ്രശേഖർആസാദിനെ അറസ്റ്റ് ചെയ്യാനുള്ള ശ്രമം വിജയിച്ചില്ല.

1927 ഡിസംബർ 19ന് ഫൈസാബാദ് ജയിലിൽവെച്ച് അശ്ഫാഖുല്ലാഖാനെ തൂക്കിലേറ്റി. അന്ത്യാഭിലാഷം ചോദിച്ച ഉദ്യോഗസ്ഥനോട് 'രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിൽ കുറഞ്ഞ മറ്റൊരാഗ്രഹവുമില്ല' എന്നു പറഞ്ഞ അദ്ദേഹം ഉറക്കെ ദേശഭക്തിഗാനം പാടിയാണ് തൂക്കുമരത്തിലേക്ക് നടന്നത്.

നോവൽ – 27

മുജ്തബ നസ്വീഹ്

# മധുര പ്രതികാരം വീട്ടണം

ഉമ്മയുടെയും ഉസ്താദുമാരുടെയും പ്രാർത്ഥന പോലെ, നല്ലവരായ കൂട്ടുകാരുടെ ആഗ്രഹം പോലെ അബൂട്ടി മെഡിക്കൽകോളേജിന്റെ പടികൾ കയറി; ഡോക്ടറാവാൻ!

നഗരത്തിലെ ഏറ്റവും മികച്ച കോളേജ്. മിടുക്കന്മാർക്കു മാത്രമേ അവിടെ അഡ്മിഷൻ കിട്ടുകയുള്ളൂ. ആ മിടുക്കന്മാരിലൊരാളാണല്ലോ അബൂട്ടിയും. ആദ്യദിവസം ക്ലാസിലിരിക്കുമ്പോൾ അബൂട്ടി നോക്കി; തന്നെ കളിയാക്കിയ ആരെങ്കി




ലുമുണ്ടോ ക്ലാസ്സിൽ? ഇല്ല, അവരാരുമില്ല. നല്ല പരിശീലനം നേടി പരീക്ഷയെഴുതിയ മാമന്റെ മകന് പോലും അവിടെ അഡ്മിഷൻ ലഭിച്ചിട്ടില്ല.

അഭിമാനത്തോടെ അവൻ ക്ലാസിൽ തല ഉയർത്തിയിരുന്നു. പലരുടെയും നോട്ടം അവന്റെ തൊപ്പിയിലേക്കാണ്. ക്ലാസെടുക്കാനെത്തിയ അധ്യാപകർക്കു പോലും അവൻ ഒരു നോട്ടപ്പുള്ളിയാണ്. തൊപ്പിയിട്ടു ക്ലാസ്സിലിരിക്കുന്ന കുട്ടിയെ അവർ കാണുന്നത് ആദ്യമായിട്ടാണല്ലോ. എന്നാലും ഒരാളും അവനെ പരിഹസിച്ചില്ല. അല്പം ബഹുമാനത്തോടെയാണ് എല്ലാവരും തന്നെ നോക്കുന്നതെന്നും അവന് തോന്നി.

വല്യുസ്താദിന്റെ വാക്കുകൾ അവന്റെ മനസ്സിൽ തെളിഞ്ഞു: ‘മോനേ, വിചാരിക്കാൻ പോലും സാധിക്കാത്ത ഉയരത്തിലാണ് നീ എത്തിയിരിക്കുന്നത്.

ഇനിയും നിനക്ക് എത്രയോ ഉയർച്ചകളുണ്ട്. എല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. അതിന് എപ്പോഴും അവനോട് നന്ദിയുണ്ടായിരിക്കണം. വലിയ ആളായി എന്ന അഹങ്കാരം ഒരിക്കലും മനസ്സിൽ വന്നുപോകരുത്. ഉമ്മയെയും ഉപ്പയെയും നീ വളർന്ന സാഹചര്യത്തെയും ഒരിക്കലും മറക്കരുത്. നിന്നെ ഈ പദവിയിലേക്കുയരാൻ സഹായിച്ച സ്ഥാപനത്തെ മറക്കരുത്. നീ ഡോക്ടറാകുന്നത് സമൂഹത്തെ സേവിക്കാനാണ്. അതായിരിക്കണം നിന്റെ ലക്ഷ്യം. ഏതു സാഹചര്യത്തിലും ദീൻ അവഗണിക്കരുത്. ഒരിക്കലും ഒരു വഖ്ത് നിസ്കാരം പോലും ഒഴിവാക്കരുത്.



മറ്റു കുട്ടികൾക്കെല്ലാം നീ മാതൃകയാണ്. നിന്റെ വേഷവും ഇതുവരെയുള്ള നല്ല സ്വഭാവഗുണങ്ങളും എന്നും നിന്നോടൊപ്പമുണ്ടാവണം...'

മനസ്സിൽ തട്ടിയ ആ ഉപദേശങ്ങൾ ഓരോന്നോരോന്നായി സ്ക്രീനിലെന്ന പോലെ മനസ്സിൽ മിന്നി മറഞ്ഞുകൊണ്ടിരിക്കുന്നു; ഒപ്പം തേയിലത്തോട്ടത്തിലെ കൊച്ചുകൂരയിൽ നിന്ന് യാത്ര പറഞ്ഞിറങ്ങുമ്പോൾ കണ്ട കാഴ്ചകളും കേട്ട വാക്കുകളും. തേയിലത്തോട്ടത്തിലെ തൊഴിലാളികളെല്ലാം അന്ന് ഒത്തുകൂടിയിട്ടുണ്ടായിരുന്നല്ലോ അവിടെ. അവരിൽ പലരും പറയുന്നുണ്ടായിരുന്നു: 'മോൻ ഭാഗ്യവാനാണ്ട്ടോ.'

'ഡോക്ടറായാൽ ഞങ്ങളെയൊന്നും മറക്കരുതേ.'

'ഞങ്ങൾക്കൊക്കെ മരുന്ന് തരാൻ ഇങ്ങോട്ട് വരണേ.'

'ഒരുപാട് കഷ്ടപ്പാട് സഹിച്ച മോനല്ലേ, മോനെ പടച്ചോനിനി കുഴക്കൂലട്ടോ.'

'മോനേ ദൈവം അനുഗ്രഹിക്കട്ടെ!'

സ്നേഹത്തിൽ പൊതിഞ്ഞ പ്രാർത്ഥനകൾ, ആശംസകൾ, അഭിനന്ദനങ്ങൾ! ആദരവോടെയുള്ള നോട്ടങ്ങൾ. അതിനിടയിൽ ഒരു കൂട്ടുകാരൻ ചോദിച്ചു: 'അബൂട്ടീ, നിയ്യ് കോട്ടും സൂട്ടുമൊന്നുമില്ലാതെയാണോ കോളേജിൽ പോകുക?'

'ഞാൻ ഇതേ വേഷത്തിൽ തന്നെയാ പോവുക' എന്നു പറഞ്ഞപ്പോൾ അവന് അതിശയം. ഡോക്ടർമാർ ഈ വേഷത്തിൽ നടക്ക്വോ?'

'നടക്കാൻ പറ്റുമോന്നു നോക്കാലോ' എന്നു പറഞ്ഞപ്പോൾ അവന്റെ പ്രതികരണം: 'അതൊക്കെ വെറുതെയാ... കുറച്ച് ദിവസം കഴിയുമ്പോൾ നീയും മാറും, നോക്കിക്കോ.'

'നമ്മൾക്കു നോക്കാം' എന്നു പറഞ്ഞ് അവന്റെ കൈയിൽ അടിച്ചു യാത്ര പറയുമ്പോൾ അവൻ കെട്ടിപ്പിടിച്ച് ചെവിയിൽ പറഞ്ഞു: 'അബൂട്ടീ, ഞ്ഞി എന്നെ മറക്കരുത് ട്ടോ.'

ഇത്തരം കാഴ്ചകൾ നിറകണ്ണുകളോടെ നോക്കിനിൽക്കുകയായിരുന്നല്ലോ ഉമ്മ. യാത്രയയ്ക്കാൻ വന്ന ഉസ്താദ് നീട്ടി നീട്ടി ദുആ ഇരന്നു. എല്ലാവരും ആമീൻ ആമീൻ എന്ന്

ഉറക്കെ പറയു ന്നുണ്ടായിരുന്നു. അവിടെ നിന്നി റങ്ങുമ്പോൾ മനസ്സിൽ ഒരു പ്രതിജ്ഞയു ണ്ടായിരുന്നു; 'പ ഠിച്ചു വിജയിച്ച് ഡോക്ടറായാൽ ഇവിടത്തെ പാവങ്ങളെ ചി കിത്സിക്കാൻ ഇങ്ങോട്ടു തന്നെ വരണം. അവർ ക്കൊപ്പം ജീവി ക്കണം. അവരെ സേവിക്കണം.' ആ പ്രതിജ്ഞ സാധിച്ചുതരാൻ എന്നും പ്രാർ ത്ഥിക്കാറുണ്ട ല്ലോ.



*** ***

പഠിക്കാൻ എമ്പാടുമുണ്ട്. പ ഠിച്ചാലും പഠിച്ചാ ലും തീരാത്തത്ര വിശാലമാണ ല്ലോ വൈദ്യശാ സ്ത്രം. അബൂട്ടി അധികസമയ വും പഠനത്തിലാ ണ്. ക്ലാസ് കഴിഞ്ഞാൽ കുറെ സമയം ലൈബ്രറിയിലായിരിക്കും. സന്ധ്യയാ യാൽ ഹോസ്റ്റൽവാർഡന്റെ അനുവാ ദത്തോടെ ക്യാമ്പസിന് പുറത്തേക്കു പോകും; പള്ളിയിലേക്ക്. പള്ളിയിൽ ഉസ്താദുമാരുണ്ട്. ദർസുണ്ട്. മഗ്‌രിബ് നിസ്കാരം കഴിഞ്ഞാൽ അബൂട്ടി ആ ദർസിലെ വിദ്യാർത്ഥിയാണ്. ഉസ്താദ്

**തലച്ചോറിനേക്കാൾ വലിയ കണ്ണ്!**

**ലോകത്തിലെ ഏറ്റവും വലിയ പക്ഷി ഒട്ടകപ്പക്ഷിയാണെന്ന് കൂട്ടുകാർക്കറിയാമല്ലോ. ഏറ്റവും വലിയ മുട്ടയും ഒട്ടകപ്പക്ഷിയുടേത് തന്നെ. മറ്റൊരു കൗതുകം കൂടിയുണ്ട്; ഒട്ടകപ്പക്ഷികളുടെ കണ്ണിന് അവയുടെ തലച്ചോറിനേക്കാൾ വലിപ്പമുണ്ട്!**

അവന് താൽപര്യത്തോടെ കിതാബ് ഓതിക്കൊടുക്കും. എല്ലാവർക്കും അതിശയമാണ്; ഡോക്ടറാവാൻ പഠിക്കുന്നവൻ പള്ളിദർസിൽ വന്നു കിതാബ് ഓതുന്നല്ലോ!

ഇശാഅ് നിസ്കാരവും ഹദ്ദാദും കഴിഞ്ഞാണ് അവിടെ നിന്ന് തിരിച്ചുപോവുക. മനം നിറയെ അറിവിന്റെ മധുരവും നന്മകൾക്കായുള്ള പ്രാർത്ഥനയുമായി.

പല രാത്രികളിലും ഉറക്കത്തിൽ ഉപ്പ അവനെ കാണാൻ വരും. ചിരിച്ചുകൊണ്ട് ഉപ്പ ചോദിക്കും: 'അബൂട്ടി മോനേ, ഉപ്പ പറഞ്ഞതുപോലെ, ദുആയിരന്നതു പോലെ മോനിപ്പോൾ പഠിച്ച് വലിയ ആളായിട്ടുണ്ടല്ലോ. മോൻ ഉമ്മയെ മറക്കരുത്. നാട്ടാരെ മറക്കരുത്. ഈ ഉപ്പാക്ക് വേണ്ടി എന്നും ദുആയിരക്കണം.'

ഉപ്പയുടെ വാക്കുകൾ അവൻ എപ്പോഴും ഓർക്കും. സുബ്ഹിനിസ്കാരത്തിനു ശേഷം ഉപ്പയ്ക്ക് ഹദ്‌യ നൽകാൻ ഒരു യാസീൻ ഓതിയിട്ടേ എന്നും മറ്റു കാര്യങ്ങളിലേക്ക് കടന്നിരുന്നുള്ളൂ.

ഇപ്പോൾ അബൂട്ടിക്ക് സങ്കടമില്ല; മനസ്സിൽ സന്തോഷമേയുള്ളൂ. കഴിഞ്ഞകാല കഥകളൊക്കെ ഇടയ്ക്കിടെ മനസ്സിലേക്ക് കടന്നു വരും. മാമനും മാമിക്കും അവരുടെ മക്കൾക്കും സുഖമാണോ ആവോ? അന്ന് തന്നെ കളിയാക്കിയ ആ വികൃതിക്ക് ഏത് കോളേജിലായിരിക്കും അഡ്മിഷൻ കിട്ടിയിട്ടുണ്ടാവുക? അവനിപ്പോൾ പഠിക്കുന്നുണ്ടോ ആവോ. അവർ ആരെങ്കിലും ഈ അബൂട്ടിയെ ഓർക്കുന്നുണ്ടാവുമോ?

ചിലപ്പോൾ വിചാരിക്കും; പഠിച്ച് ഡോക്ടറായിട്ട് അവരെയെല്ലാം ചെന്നു കാണണം. ഒന്നു ഞെട്ടിക്കണം. അങ്ങനെയൊരു മധുര പ്രതികാരം വീട്ടണം.

(തുടരും)

ബീവി ഖദീജ(റ)
ചരിത്രം - 5

# മക്കയിലെ പ്രകാശതാരകം

അൻവർ കാരേപറമ്പ്

**ആ**രവങ്ങളോടെ കച്ചവടസംഘം യാത്രക്കൊരുങ്ങി. കാലങ്ങളായി ഖദീജ മനസ്സിൽ കൊണ്ടുനടന്ന ഒരു സ്വപ്നമായിരുന്നു ആ യാത്ര. ആ ചെറുപ്പക്കാരനെ കൃത്യമായി നിരീക്ഷിക്കണം. സ്വഭാവങ്ങൾ മനസ്സിലാക്കണം.

ഖദീജ ഭൃത്യനായ മൈസറയോടു പറഞ്ഞു. വിവരങ്ങൾ അറിയിച്ചു: 'അൽഅമീന് എല്ലാ സഹായങ്ങളും ചെയ്യണം. ദേഷ്യപ്പെടുകയോ ധിക്കരിക്കുകയോ മോശമായി പെരുമാറുകയോ ചെയ്യരുത്. ആവശ്യങ്ങൾ കണ്ടറിഞ്ഞു ചെയ്തുകൊടുക്കണം. ഓരോ ചലനവും നിരീക്ഷിക്കണം. ഒരു നിമിഷം പോലും അടുത്തുനിന്നു വിട്ടുപോകരുത്.' അപ്പോൾ മൈസറ ഖദീജയോട് ചോദിച്ചു: 'ഒരു സേവകനെന്ന നിലയിൽ ചോദിക്കാൻ പാടില്ലെന്നറിയാം. എന്നാലും, ഇതുവരെ ഒരാളെക്കുറിച്ചും ഇങ്ങനെ അന്വേഷി



ക്കാൻ പറഞ്ഞിരുന്നില്ലല്ലോ? അൽഅമീനെ മാത്രം പ്രത്യേകം ശ്രദ്ധിക്കാൻ പറഞ്ഞതിലെ താത്പര്യമെന്താണ്?'

'അത് ഞാൻ തിരിച്ചുവന്നിട്ട് പറയാം.' ഖദീജ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

കച്ചവടം തകൃതിയായി നടന്നു. അത്രയും വലിയ കച്ചവടം മുമ്പെങ്ങുമുണ്ടായിട്ടില്ല. വസ്തുക്കൾ വിറ്റുപോകാൻ കച്ചവടതന്ത്രങ്ങളൊന്നും പ്രയോഗിക്കേണ്ടി വന്നില്ല. അവിശ്വസനീയമായ ലാഭമുണ്ടായി. കച്ചവടം കഴിഞ്ഞ് സംഘം മടങ്ങി. മൈസറ ആവേശത്തിലാണ്. വേഗം യജമാനത്തിയെ കാണണം. ഒരുപാട് വിവരങ്ങൾ പറയാനുണ്ട്. ഖദീജയാവട്ടെ, അതിലേറെ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. വിവരങ്ങളറിയാഞ്ഞിട്ട് ഒരു സമാധാനവുമില്ല!

കച്ചവടസംഘം വരുന്നത് ഖദീജ നിരീക്ഷിച്ചു. മുമ്പിൽത്തന്നെ അൽഅമീനുണ്ട്. ചുട്ടുപൊള്ളുന്ന കാലാവസ്ഥയിലും അൽഅമീൻ നിൽക്കുന്നത് തണലിലാണ്.

മൈസറയെവിടെ? കച്ചവടത്തിന്റെ ലാഭക്കണക്കുകൾ നോക്കുന്നതിനു മുമ്പേ ഖദീജ അവനെ തിരക്കി. മൈസറക്കറിയാം, ഖദീജക്ക് കച്ചവടത്തെക്കാൾ പ്രധാനം മറ്റു വിവരങ്ങളാണെന്ന്. അവൻ അതിവേഗം വീട്ടിലേക്കെത്തി. മൈസറ ആവേശത്തോടെ പറഞ്ഞു: 'കച്ചവടസംഘം യാത്ര പുറപ്പെട്ടതു മുതൽ ഒരു തുണ്ട് മേഘം തണൽ വിരിച്ചുകൊണ്ട് ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു. അൽഅമീൻ സഞ്ചരിക്കുന്നിടത്തെല്ലാം ആ മേഘം തണൽ വിരിച്ചിരുന്നു.'

മൈസറയുടെ വിവരണം ഖദീജയെ അത്ഭുതപ്പെടുത്തി.

'ഇനിയുമുണ്ട്!' മൈസറ തുടർന്നു: 'യാത്രക്കിടയിൽ ഞങ്ങൾ വിശ്രമിക്കാനിരുന്നു. ഒരു മരച്ചുവട്ടിൽ അൽഅമീനുമിരുന്നു. അതുവഴി ഒരു പുരോഹിതൻ വന്നു. നസ്തൂറ എന്നാ



ണത്രെ അദ്ദേഹത്തിന്റെ പേര്. അദ്ദേഹം എന്നോട് പറഞ്ഞു: 'ആ മരച്ചുവട്ടിൽ ഇതുവരെ അല്ലാഹുവിന്റെ പ്രവാചകന്മാരല്ലാതെ മറ്റാരും വിശ്രമിച്ചിട്ടില്ല.'

ഖദീജയുടെ മനസ്സ് ആവേശഭരിതമായി: 'അല്ലാഹുവിന്റെ അന്ത്യപ്രവാചകൻ!'

ഖദീജയുടെ സന്തോഷം കണ്ട് മൈസറ തുടർന്നു: 'കച്ചവടത്തിനിടെ ഒരാൾ വന്നു. ആദ്യ കാഴ്ചയിൽ തന്നെ അയാൾ ഒരു പണ്ഡിതനാണെന്നു മനസ്സിലായി. അയാൾ അൽഅമീനെ കുറെ സമയം നിരീക്ഷിച്ചു. കുറച്ചു സമയം കഴിഞ്ഞ് അൽഅമീനിൽ നിന്ന് ഏതാനും സാധനങ്ങൾ വാങ്ങി. വില പറഞ്ഞ് തർക്കിച്ചു. തർക്കത്തിനിടെ അയാൾ ലാത്തയെയും ഉസ്സയെയും പറഞ്ഞ് സത്യം ചെയ്തു.



അതുകേട്ട അൽഅമീൻ പറഞ്ഞു: 'ഞാൻ ജീവിതത്തിൽ ഒരിക്കലും അവയെ പറഞ്ഞ് സത്യം ചെയ്തിട്ടില്ല. അവയെ കാണുമ്പോഴെല്ലാം ഞാൻ തിരിഞ്ഞുനടക്കാറാണ് പതിവ്.' അയാൾ പിന്നെ തർക്കിച്ചില്ല. ആ മറുപടിയായിരുന്നു അയാൾക്കാവശ്യം എന്നു തോന്നി. എന്നെ അടുത്തുവിളിച്ച് അയാൾ പറഞ്ഞു: 'മൈസറാ, ഈ യുവാവ് ഞങ്ങളുടെ ഗ്രന്ഥങ്ങളിൽ പറയപ്പെട്ട അവസാനത്തെ പ്രവാചകനാണ്!'

അതുകൂടി കേട്ടപ്പോൾ സന്തോഷം കൊണ്ട് ഖദീജയുടെ കണ്ണുകൾ നിറഞ്ഞു. 'ഇനിയുമുണ്ട്!' മൈസറ എത്ര ആവേശത്തോടെയാണിപ്പോൾ സംസാരിക്കുന്നത്: 'തിരിച്ചുപോരുമ്പോൾ, അൽഅമീന്റെ ഒട്ടകം വലിയ ഉത്സാഹത്തോടെ അതിവേഗം നടന്നു. എന്റെ ഒട്ടകം ആകെ ക്ഷീണിച്ചുപോയിരുന്നു. അങ്ങനെ, ഞാൻ ഏറ്റവും പിറകിലായി. അൽഅമീന്റെ കൂടെയെത്താൻ കഴിയാത്തതിൽ എനിക്കേറെ വിഷമമായി. അൽഅമീന്റെ സാമീപ്യം എന്നെ അത്രമേൽ സന്തോഷി

പ്പിച്ചിരുന്നു. വിവരം ആരോട് പറയും? എല്ലാവരുടെയും അവസ്ഥ ഇതൊക്കെയാണല്ലോ? കുറച്ചു ദൂരം പോയപ്പോൾ അൽഅമീൻ എങ്ങനെയോ വിവരമറിഞ്ഞു. ഒട്ടകത്തെ നിർത്തി യാത്രാസംഘത്തിന്റെ പിറകിലെത്തി. എന്നെ കണ്ട് വിവരങ്ങൾ ചോദിച്ചു. പ്രയാസം പറഞ്ഞപ്പോൾ, അൽഅമീൻ ഒട്ടകത്തെ ഒന്നു തടവി എന്നെ സമാശ്വസിപ്പിച്ചു. എന്തൊക്കെയോ മന്ത്രിച്ചു. അത്ഭുതമെന്നു പറയട്ടെ! ഒട്ടകം ഊർജ്ജസ്വലനായി അതിവേഗത്തിൽ സഞ്ചരിക്കാൻ തുടങ്ങി. ഞാൻ യാത്രാസംഘത്തിന്റെ ഏറ്റവും മുന്നിലെത്തി!'

'അൽഅമീൻ ഒരു വിസ്മയം തന്നെ!' സന്തോഷവാർത്തയറിയിച്ച മൈസറക്ക് ഖദീജ ധാരാളം സമ്മാനങ്ങൾ നൽകി. പക്ഷേ, ആ സമ്മാനങ്ങളെക്കാൾ മൈസറക്ക് സന്തോഷം നൽകിയത് യാത്രയിലുടനീളം ലഭിച്ച അൽഅമീന്റെ സാമീപ്യമാണ്. 'അന്ത്യപ്രവാചകൻ തന്നെ! പ്രവാചകനിയോഗം വരട്ടെ, ആദ്യം വിശ്വസിക്കുന്ന കൂട്ടത്തിൽ ഞാനുണ്ടാവും.' മൈസറ ആത്മഗതം ചെയ്തു. അൽഅമീനെ നിരീക്ഷിക്കാൻ തന്നെയേൽപ്പിച്ചതിൽ മൈസറക്ക് അതിയായ സന്തോഷം തോന്നി.

ഖദീജ വറഖയുടെ അടുത്തേക്കോടി. കാര്യങ്ങൾ പറഞ്ഞു. വറഖയും അത് ശരിവെച്ചു: 'മേഘം തണലിട്ടതും പുരോഹിതൻ പറഞ്ഞതും സത്യമെങ്കിൽ മുഹമ്മദ് തന്നെ അന്ത്യപ്രവാചകൻ!' ഖദീജയുടെ മനസ്സ് ആവേശഭരിതമായി. 'ഈ ചെറുപ്പക്കാരനെ ഭർത്താവായി ലഭിക്കണം.' അവർ പഴയ സ്വപ്നം ഒന്നുകൂടി ഓർത്തു.

സ്വപ്നസാക്ഷാത്കാരത്തിനായി കാത്തിരുന്നു. കിനാവുകൾ കണ്ടു. ഖദീജക്ക് വിവാഹാഭ്യർത്ഥനകൾ നിരന്തരം വന്നുകൊണ്ടിരുന്നു. സുന്ദരിയാണ്; മക്കയിലെ സമ്പന്നയും. പിന്നെങ്ങനെ അവരെ സ്വന്തമാക്കാൻ ആളുകൾ കൊതിക്കാതിരിക്കും!

ഖദീജ ആ അന്വേഷണങ്ങളെല്ലാം നിരസിച്ചു. ഇപ്പോൾ വിവാഹം കഴിക്കാൻ താൽപ്പര്യമില്ലെന്നും മക്കളെ നന്നായി പരിപാലിക്കണമെന്നും അവർ കാരണം പറഞ്ഞു.

പക്ഷേ, അന്ത്യപ്രവാചകരാണ് മനസ്സിൽ നിറയെ! അൽഅമീന്റെ ഭാര്യയാകുന്നതു സ്വപ്നം കണ്ട് ഖദീജ നടന്നു.

# സ്വർണ്ണപ്പേന

**ഹി**ജ്റ മൂന്നാം നൂറ്റാണ്ടിൽ ജീവിച്ച വലിയ പണ്ഡിതനും സൂഫിവര്യനുമായിരുന്നു മുഹമ്മദുബ്നു അസ്‌ലം അത്ത്വൂസി(റ). പാവപ്പെട്ടവരെ സഹായിക്കാൻ സമ്പന്നരായ ആളുകളിൽനിന്ന് അദ്ദേഹം പണം കടം വാങ്ങാറുണ്ടായിരുന്നു. ഒരിക്കൽ ഒരു ജൂതൻ അദ്ദേഹത്തിന്റെ സന്നിധിയിലെത്തി കടം വാങ്ങിയ പണം തിരിച്ചുതരാൻ ആവശ്യപ്പെട്ടു. എന്നാൽ, കടം വീട്ടാൻ മഹാന്റെയടുത്ത് ഒന്നും ഉണ്ടായിരുന്നില്ല. ഒരു പായയിലിരുന്ന് മരംകൊണ്ടുള്ള തന്റെ പേന മൂർച്ച കൂട്ടുകയായിരുന്നു അദ്ദേഹം. പേനയുടെ കഷ്ണങ്ങൾ പായയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നുണ്ടായിരുന്നു. അദ്ദേഹം ജൂതനോട് പറഞ്ഞു: 'ഈ പായയുടെ അടിയിൽ നിന്ന് താങ്കൾക്കു തരാനുള്ള പണം എടുത്തോളൂ.'

പായയുടെ ഒരറ്റം ഉയർത്തി നോക്കിയ ജൂതൻ അത്ഭുതപ്പെട്ടു പോയി. മഹാൻ മൂർച്ച കൂട്ടാനായി ചെത്തിയിട്ട പേനയുടെ കഷ്ണങ്ങൾ സ്വർണ്ണമായി മാറിയിരിക്കുന്നു! ആ അത്ഭുതം കണ്ട ജൂതനും കുടുംബവും കലിമ ചൊല്ലി ഇസ്‌ലാം സ്വീകരിച്ചു.




മിസ്റ്റർ
മണ്ടപ്പൻ
അണ്ണേ, നമുക്കവരോടൊപ്പം ഒന്ന് ക്രിക്കറ്റ് കളിച്ചാലോ?
എനിക്കീ ഗ്രൗണ്ടൊന്നും പോരാ മച്ചൂ.
കുട്ടികളല്ലേ അണ്ണേ. മെല്ലെ വീശിയാൽ മതി.
എങ്കിൽ ഒരു കൈ നോക്കാം.
ഹായ്, ഫ്രണ്ട്സ്!
ഞങ്ങളുമുണ്ട് കളിക്കാൻ.
വാലപ്പൻ ഞങ്ങടെ ടീമിൽ.
മണ്ടപ്പൻ ഞങ്ങടെ ടീമിൽ.


മണ്ടപ്പൻ ബാറ്റിംഗ്,
ഫസ്റ്റ് ബോൾ...
ഹൗസാറ്റ്!
നാണക്കേ ടായല്ലോ!
ഉഗ്രൻ വീശലാ യിരുന്നു. പക്ഷേ...
പന്ത് ബാറ്റിൽ കൊണ്ടില്ല.
മച്ചുവിനെതിരെ ഞാൻ തന്നെ എറിയാം.
മണ്ടപ്പൻ ബൗളിംഗ്,
ദാ, പിടിച്ചോ...
വാലപ്പൻ ബാറ്റിംഗ്,
ടക്!


ഹയ്യോ! അപ്പന്മാർ പന്തു കളഞ്ഞേ!
ങേ! ഇതു വലിയ പൊല്ലാപ്പായല്ലോ!
പന്ത് എടുത്തു തന്നിട്ട് പോയാൽ മതി.
പണി കിട്ടി.
അപ്പന്മാർ കാട്ടിൽ പന്തിനായുള്ള തിരിച്ചിലിൽ,
ഇത് ഏതോ വന്യജീവി സങ്കേതമാണെന്നു തോന്നുന്നു.
കമന്റടിക്കാതെ പന്ത് കണ്ടുപിടിക്കാൻ നോക്ക് അണ്ണേ.


ദേ, പന്ത് കുഴിയിൽ കിടക്കുന്നു.
കണ്ടെത്തിയത് ഭാഗ്യം! പക്ഷേ, അതെങ്ങനെ എടുക്കും?
ങ്ഹേ? ഒരു കോണിയല്ലേ അത്?
ഹിഹി! തേടിയ വള്ളി കാലിൽ ചുറ്റി.
വാലപ്പൻ കുഴിയിലേക്ക്,
മച്ചൂ, സൂക്ഷിക്കണേ.
അണ്ണേ, ഇതു കണ്ടോ, ഒരു തുരങ്കം!
ങേ, തുരങ്കമോ?


അപ്പന്മാർ അകത്തേക്ക്,
ങേ! അകത്തു കടന്നപ്പോഴേക്ക് ലൈറ്റുകൾ തെളിഞ്ഞല്ലോ.
അണ്ണേ സൂക്ഷിച്ച്!
ങേ! തൊണ്ടി മുതലുകൾ!
മോഷണം പോയ അമൂല്യ ശില്പങ്ങൾ!
ഭണ്ഡാരങ്ങൾ, ആഭരണപ്പെട്ടികൾ!
മൊബൈൽ ഫോണുകൾ, ലാപ് ടോപ്പുകൾ!
ശ് ശ്.... മച്ചൂ, ഇപ്പോൾ പുറത്തു കിടക്കുന്നതാണ് ബുദ്ധി.
ശരിയാ. അല്പനേരം കാത്തിരുന്നാൽ കള്ളന്മാർ സ്ഥലത്തെത്തും.


അപ്പന്മാരേയ്, ഞങ്ങളുടെ പന്തു താഡേയ്!
ഹും! അവരു ടെയാരു പന്ത്!'
ദാ, പിടിച്ചോളൂ.
സാർ, മണ്ടപ്പൻ സ്പീക്കിംഗ്.
ങേ! മൈതാനവള പ്പിലോ? ഞങ്ങളി താ എത്തി.
പോലീസ് സ്ഥലത്ത്
POLICE
മോഷ്ടാക്കളെ തുരങ്ക ത്തിൽ കയറി തൊണ്ടി സ ഹിതം പിടികൂടിയ അപ്പ ന്മാർക്ക് ബിഗ് സല്യൂട്ട്.
ഈ ഉദ്യമത്തിന് ഓ പ്പറേഷൻ സിക്സർ എന്നു പേരിടാം
അപ്പന്മാർ കീ ജയ്!

ഹരീഷ് ആർ നമ്പൂതിരിപ്പാട്

# അച്ഛന്റെ സ്നേഹം

'**മോ**നേ, സൂക്ഷിച്ച് വേണം.' അച്ഛൻ കുരങ്ങ് നിങ്കുവിനോട് എപ്പോഴും പറയും.

അമ്മയില്ലാത്തതിന്റെ കുറവൊന്നും അറിയിക്കാതെ അവനെ വളർത്താൻ അച്ഛൻ വളരെയേറെ കഷ്ടപ്പെടുന്നുണ്ട്. നിങ്കുവിന് പക്ഷേ, ആ ചിന്തയൊന്നുമില്ല. എപ്പോഴും കുസൃതികാട്ടി അച്ഛനെ ബുദ്ധിമുട്ടിക്കും. അച്ഛനാകട്ടെ, അതൊന്നും കണക്കാക്കാതെ അവന് സ്നേഹവും വാത്സല്യവുമെല്ലാം ചൊരിഞ്ഞു നൽകും. അവൻ ആഗ്രഹിക്കുന്നതെല്ലാം നൽകുകയും അരികിൽ കിടത്തിയുറക്കുകയും ചെയ്താലേ അച്ഛന് തൃപ്തിയാവൂ.

ചില ദിവസങ്ങളിൽ അച്ഛൻ കാട്ടിലെല്ലാം ഭക്ഷണം തേടിയലഞ്ഞ് ക്ഷീണിച്ചിരിക്കുമ്പോഴാകും അവന്റെ കുസൃതികൾ.

'ആന കളിക്കാൻ കൂടാമോ
അച്ഛൻ മുതുകു വളയ്ക്കാമോ
എന്നെപ്പുറത്തു കേറ്റീ വേഗം
ആനേപ്പോലെ നടക്കാമോ?'

ക്ഷീണമൊന്നും വകവയ്ക്കാതെ അച്ഛൻകുരങ്ങ് നിങ്കുവിനെ പുറത്തു കയറ്റി മുട്ടുകുത്തി നടക്കും. ചിലപ്പോൾ അച്ഛ



ന്റെ കാൽമുട്ടിൽ ചോരപൊടിയും. അതൊന്നും നിങ്കുവിന് വിഷയമല്ല.

ഒരു ദിവസം പതിവുപോലെ തീറ്റ തേടിയിറങ്ങുമ്പോൾ അച്ഛൻകുരങ്ങ് അവനോട് പറഞ്ഞു:

'ഒറ്റയ്ക്കകലേക്കു പോയിടല്ലേ
തുള്ളിക്കളിച്ചു നടന്നിടല്ലേ
കൂട്ടം പിഴച്ചു നടന്നുവെന്നാൽ
അപകടമാണെന്റെ പൊന്നു
മോനേ!'

എല്ലാം തലകുലുക്കി സമ്മതിച്ചെങ്കിലും അവൻ അച്ഛൻപോയ ഉടനെ കറങ്ങാനിറങ്ങി. ഒറ്റയ്ക്ക് നടന്നുനടന്ന് ഒരു വലിയ മലയുടെ മുകളിൽ എങ്ങനെയോക്കെയോ കയറിപ്പറ്റി.

അച്ഛൻ മടങ്ങിവന്നപ്പോൾ നിങ്കുവിനെ കാണാതെ വിഷമിച്ചു. മണ്ണിൽ പതിഞ്ഞ അവന്റെ കാലടിപ്പാടുകൾ പിന്തുടർന്ന് 'മോനേ നിങ്കൂ' എന്നുറക്കെ വിളിച്ച് അച്ഛൻ നടന്നു.


ദൂരെ ദയനീയമായ കരച്ചിൽകേട്ട് അച്ഛൻ ഓടിച്ചെന്നുനോക്കുമ്പോൾ നിങ്കു, ഒരു പാറയിടുക്കിൽ വീണു കിടക്കുന്നു!

അച്ഛനാകെ പരിഭ്രമിച്ച് അവനെ രക്ഷിക്കാനുള്ള വഴികൾ അന്വേഷിച്ചു. ഒരു വലിയ കാട്ടുവള്ളിയെടുത്ത് അടുത്തുള്ള മരത്തിൽ കെട്ടി മറുവശം മകന് ഇട്ടുകൊടുത്തു. വള്ളിയിൽ മുറുകെ പിടിക്കാൻ പറഞ്ഞു. വൈകാതെ അച്ഛൻകുരങ്ങ് അവനെ വലിച്ചുയർത്തി മുകളിലെത്തിച്ചു. എന്നാൽ നിങ്കുവിനെ രക്ഷിക്കാനുള്ള ശ്രമത്തിനിടെ കാട്ടുവള്ളി ഉരഞ്ഞ് അച്ഛന് മുറിവുപറ്റി.

തന്നെ രക്ഷിച്ച അച്ഛന്റെ അവസ്ഥ കണ്ട് നിങ്കുവിന് വിഷമമായി. അവൻ ഉടനെ കരടിവൈദ്യനെ കൂട്ടിക്കൊണ്ടു വന്നു. കരടിയപ്പൂപ്പൻ പറഞ്ഞു: 'നിങ്കൂ, നിന്നെ രക്ഷിക്കാൻ വേണ്ടി അച്ഛൻ ചെയ്തതു കണ്ടില്ലേ? ഇനിയൊരിക്കലും വികൃതി കാണിക്കരുത് കേട്ടോ. മുറിവുണങ്ങുന്നതു വരെ അച്ഛനെ അടുത്തിരുന്ന് ശുശ്രൂഷിക്കുകയും വേണം.'

നിങ്കു തലകുലുക്കി സമ്മതിച്ചു. അവൻ കരടിവൈദ്യൻ പറഞ്ഞതുപോലെ ചെയ്തു. പിന്നീടുള്ള കാലം അവൻ നല്ല കുട്ടിയായി അച്ഛനെ അനുസരിച്ച് ജീവിച്ചു.






## വഴി കാണിക്കാമോ?

ദൊപ്പുക്കരടിക്ക്
തേൻ കുടിക്കാൻ
കൊതിയായി.
തേൻഭരണിയുടെ
അടുത്തെത്താൻ
കൂട്ടുകാർ
സഹായിക്കില്ലേ?

## എണ്ണമെഴുതാം

കാറുകളുടെ എണ്ണം കളത്തിലെഴുതൂ.
ഒറ്റയാനെ കണ്ടെത്തി വൃത്തത്തിലാക്കുകയും വേണം



## വ്യത്യാസങ്ങൾ കണ്ടെത്താമോ?

ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?



## കണ്ടെത്താമോ?

താഴെ, ഇടതുവശത്ത് കൊടുത്തിരിക്കുന്ന ചിത്രങ്ങൾ വലതുവശത്തുള്ള ചിത്രത്തിൽ കണ്ടെത്തി വൃത്തത്തിലാക്കൂ...





# പദപ്രശ്നം 4

| | | | | | |
|---|---|---|---|---|---|
| 1 വ | | 4 | | | 3 |
| 2 | | | 10 | | 7 |
| 6 | | 5 ഗു | | | |
| | 9 | | | ■ | |
| 8 | | ഗ | | | |



ചിത്രം 1

**വലത്തോട്ട്**

1. ഈയിടെ വാർത്താപ്രാധാന്യം നേടിയ, ബങ്കിം ചന്ദ്ര ചാറ്റർജി എഴുതിയ ദേശഭക്തിഗാനം? (5)
2. മെഷീൻ എന്ന വാക്കിന്റെ മലയാള പദം? (2)
5. ബ്രഹ്മപുത്ര നദി തീരത്ത് സ്ഥിതി ചെയ്യുന്ന ആസാമിലെ പ്രസിദ്ധ നഗരം? (4)
6. പാമ്പ് എന്നതിന്റെ ഒരു പര്യായപദം? (2)
8. ബഹിരാകാശയാത്ര നടത്തിയ ആദ്യ മനുഷ്യൻ? (6)
9. നെൽസൺ മണ്ടേലയെ ദക്ഷിണാഫ്രിക്കക്കാർ ബഹുമാനപൂർവ്വം വിളിച്ചിരുന്ന പേര്? (3)
10. ചിത്രം 1 (3)

**താഴോട്ട്**

1. രണ്ട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ജില്ല? (4)
3. അഗ്നിപർവ്വത സ്ഫോടനങ്ങളുടെ ഫലമായി

പുറത്തുവരുന്ന ദ്രാവകം? (2)

4. ആർ കെ നാരായണന്റെ കൃതികളിലൂടെ പ്രസിദ്ധമായ ഒരു സാങ്കല്പിക പട്ടണം? (4)

7. മാർപാപ്പമാരുടെ ആസ്ഥാന നഗരം? (4)

**പദപ്രശ്നം പൂരിപ്പിച്ച ശേഷം പേജിന്റെ ഫോട്ടോ ക്യു ആർ കോഡ് സ്കാൻ ചെയ്ത്അപ്‌ലോഡ് ചെയ്യുക.**

**അവസാന തീയതി: 2026 ഫെബ്രുവരി 10**

## പദപ്രശ്നം 3 വിജയികൾ

1. ആഇശ സൽവ, ക്ലാസ് 6, മദ്റസതു ദാറുത്തഖ്‌വ, ആക്കോട്

2. മുഹമ്മദ് മുബാറക് കെ.ടി, ക്ലാസ് 5, സി എം സുന്നി മദ്റസ, കറുമരക്കാട്

3. ശെസ, ക്ലാസ് 1, എം എസ് ഐ ഇംഗ്ലീഷ് സ്കൂൾ, നിലമ്പൂർ

4. മുഹമ്മദ് ലബീബ്, ക്ലാസ് 5, അൻസാറുൽ ഉലൂം മദ്റസ, അണ്ടോണ

5. മുഹമ്മദ് ലഹാൻ, ക്ലാസ് 7, അൽഇഹ്സാൻ കിടങ്ങയം

6. നഫീസത്തുൽ മിസ്‌രിയ, ക്ലാസ് 4, ഖാദിരിയ്യ സുന്നി മദ്റസ, വേശാല

7. അംറ ഫാതിമ, എം.ആർ, ക്ലാസ് 7, ഹിദായതുൽ ഇസ്‌ലാം മദ്റസ, ചളിങ്ങാട്

8. മുഹമ്മദ് സുഫ്‌യാൻ, ക്ലാസ് 8, ഇസ്‌ലാഹുൽ മുസ്‌ലിമീൻ മദ്റസ, വള്ളിക്കുന്ന്

9. സഫ ഫാതിമ, ക്ലാസ് 7, ഹുജ്ജതുൽ ഇസ്‌ലാം മദ്റസ, ഓച്ചിറ

10. ഹയാ ഫാതിമ, ക്ലാസ് 3, മുഹ്‌യിദ്ദീൻ ജുമാ മസ്ജിദ്, കോടംതുരുത്ത്

### പദപ്രശ്നം 3 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 1 ഇ | 8 ര | 11 വി | 2 കു | ളം | 10 നി |
| ടു | ണാ | സ | ഞ്ഞു | 7 വി | 6 പ |
| ക്കി | ങ്ക | 3 മ | ണ്ണി | ര | ത്താ |
| 9 കാ | ണം | 4 ഹി | മാ | ല | യം |
| 5 ത | വ | ള | ഷ് | റ്റം | |

# English Corner

## Story Line

# The Thorny Bush



**A** hungry fox was chasing a dog. The dog jumped over a fence and escaped. Although the fox wanted to follow the dog, the exhausted fox could not jump over the fence. He decided to climb over the fence instead. While trying to climb, the fox grabbed onto a thorny bush for support. Its thorns pierced his body, and he began to bleed. By then, the dog was nowhere to be seen.

Angrily, the fox shouted at the thorny bush: "How cruel you are! When I reached out to you for help, you hurt me. Because of you, I lost my prey." The thorny bush replied: "My body is full of thorns. Isn't it your foolishness to expect help from me without understanding that?" Hearing this, the fox realized his mistake.

Moral: Do not blame others for your own mistakes.



# മുള്ളുചെടി

വിശന്നുവലഞ്ഞ കുറുക്കൻ ഒരു നായയുടെ പിറകെ ഓടുകയായിരുന്നു. നായ ഒരു വേലി ചാടിക്കടന്നു. നായയെ പിന്തുടരാൻ മോഹമുണ്ടായിരുന്നെങ്കിലും തളർന്നുപോയ കുറുക്കന് വേലി ചാടിക്കടക്കാൻ കഴിഞ്ഞില്ല. അവൻ വേലിയിൽ അള്ളിപ്പിടിച്ച് കയറാൻ തീരുമാനിച്ചു. മുകളിലേക്ക് കയറുന്നതിനിടെ, ഒരു മുള്ളുചെടിയിൽ മുറുകെ പിടിച്ചു. ദേഹത്ത് പോറലേറ്റ് മുറിവിൽനിന്ന് രക്തമൊഴുകാൻ തുടങ്ങി. നായയുടെ പൊടിപോലും അപ്പോൾ എങ്ങും കാണാനില്ലായിരുന്നു.

ദേഷ്യം വന്ന കുറുക്കൻ മുൾച്ചെടിയോട് അലറി: 'നീ എത്ര ക്രൂരനാണ്! ഒരു സഹായത്തിനായി നിന്നെ പിടിച്ചപ്പോൾ നീ എന്നെ വേദനിപ്പിച്ചല്ലോ. നീ കാരണം എന്റെ ഇരയും ഓടിരക്ഷപ്പെട്ടു.' അപ്പോൾ ആ മുള്ളുചെടി പറഞ്ഞു: 'എന്റെ ശരീരത്തിൽ നിറയെ മുള്ളുകളാണ്. ഇതു മനസ്സിലാക്കാതെ ഞാൻ നിന്നെ സഹായിക്കുമെന്നു കരുതിയ നീയോരു വിഡ്ഢിയല്ലേ?' അതുകേട്ട കുറുക്കന് അമളി മനസ്സിലായി.

ഗുണപാഠം: സ്വന്തം തെറ്റുകൾക്ക് ഒരിക്കലും മറ്റുള്ളവരെ കുറ്റപ്പെടുത്തരുത്.

# Tenses

## Passive Voice Rules

Here, we are listing out the Passive Voice Rules for each tense. You will come to know how an auxiliary verb is used to change a sentence from Active to Passive voice.

### 1. Simple present tense

Structure: Object+ is/am/are+ V3+ by + subject

**Example:**

- Active: He reads a novel.
- Passive: A novel is read by him.
- Active: He does not cook food.
- Passive: Food is not cooked by him.
- Active: Does he purchase books?
- Passive: Are books purchased by him?

### 2. Present Continuous Tense

Structure: Object+ is/am/are+ being+ V3+ by + subject

**Example:**

- Active: Esha is singing a song.
- Passive: A song is being sung by Esha.
- Active: Kritika is not chopping vegetables.
- Passive: Vegetables are not being chopped by Kritika.
- Active: Is Ritika buying a table?
- Passive: Is a table being bought by Ritika?

## 2. Present Perfect Tense

Structure: Object+ has/have+ been+ V3+ by + subject

**Example:**

- Active: Nitesh has challenged her.
- Passive: She has been challenged by Nitesh.
- Active: Radhika has not written an article.
- Passive: An article has not been written by Radhika.
- Active: Have they left the apartment?
- Passive: Has apartment been left by them?

**Poem**

# *Fruits for health*

An apple a day, so fresh and sweet,
Keeps us feeling strong and neat.
Bananas give a boost of cheer;
Their energy keeps us in gear.
Oranges, juicy and full of zest,
For Vitamin C, they are the best.
Berries, ripe in red and blue,
Keep our hearts healthy-it's true!



**Salam Thirumala**


Master Imitable
Mother, where did Adil go?
He is there in his garden.
What is he doing there?
He is watering the plants.
Take this way Rizwan.
In the garden,
Assalamu alaikum, Adil.
Valaikum assalam, Rizwan. Welcome to my garden!
Which flowers are here in your garden?


Rose.
Marigold
Hibiscus
And there are many vegetable plants in my garden.
Let me see.
Look, it's a chilly plant.
This is tomato plant.
It looks very beautiful. I would like to make a garden like this.
Sure, You can do it easily. I shall help you as much as I can. In sha Allah

# WORD PUZZLE

Read the story **'The Thorny Bush'** and find out 11 words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| H | U | N | G | R | Y | E |
| U | C | | F | D | N | K |
| R | R | D | O | G | O | A |
| T | U | B | X | | R | T |
| Y | E | R | P | | H | S |
| C | L | I | M | B | T | I |
| F | E | N | C | E | | M |

# Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 9 | | | | 6 | | 7 | |
| | 7 | | | | | 3 | 2 | |
| | 1 | | 8 | | | 4 | | 5 |
| | | | 1 | | 8 | 7 | 6 | 2 |
| 7 | | 1 | 6 | 2 | | | 5 | 4 |
| | | 4 | 9 | | | | | |
| 5 | | | | | 9 | | 4 | 7 |
| | | | 2 | 8 | | | | |
| 2 | 3 | 9 | | | | 5 | | 1 |

# Name me



Q



Q



Q

ANS: Quail, Queen, Quarter

# Sudoku

ANSWER
2026 January Issue

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 3 | 7 | 4 | 5 | 1 | 2 | 9 | 8 |
| 9 | 1 | 8 | 3 | 2 | 6 | 7 | 4 | 5 |
| 2 | 4 | 5 | 9 | 8 | 7 | 3 | 1 | 6 |
| 1 | 7 | 9 | 2 | 6 | 3 | 8 | 5 | 4 |
| 5 | 2 | 3 | 8 | 9 | 4 | 1 | 6 | 7 |
| 8 | 6 | 4 | 1 | 7 | 5 | 9 | 3 | 2 |
| 3 | 5 | 1 | 7 | 4 | 8 | 6 | 2 | 9 |
| 4 | 8 | 2 | 6 | 3 | 9 | 5 | 7 | 1 |
| 7 | 9 | 6 | 5 | 1 | 2 | 4 | 8 | 3 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**